# ഹെസദ്

SYRO MALABAR CATHOLIC CHURCH ★ DUBLIN - IRELAND ★

VOLUME 2 ❁ OFFICIAL NEWSLETTER OF SYRO MALABAR CATHOLIC CHURCH, DUBLIN - IRELAND ❁ DECEMBER 2018









**പ്രളയം ദുരിതം വിതച്ച**
**ഇടുക്കി, ചങ്ങനാശ്ശേരി, എറണാകുളം– അങ്കമാലി, ഇരിങ്ങാലക്കുട**
**പ്രദേശങ്ങളിൽ ഡബ്ലിൻ സീറോ മലബാർ സഭയുടെ സഹായം**

# 40
# കുടുംബങ്ങൾക്ക്
# 1 ലക്ഷം വീതം

ഈ പദ്ധതിയുമായി സഹകരിച്ച ഡബ്ലനിലെ വിവിധ കത്തോലിക്കാ പള്ളികൾ,
ഡബ്ലിൻ അതിരൂപതാ ബഹു.വൈദികർ, വിശ്വാസസമൂഹം,
വിവിധ പരിപാടികളിലൂടെ ഫണ്ട് സമാഹരിച്ച വിശ്വാസ സമൂഹത്തിലെ വിവിധ ഭാരവാഹികൾ,
മാതാപിതാക്കൾ, യുവജനങ്ങൾ, ഡബ്ലിനിലെ സീറോ മലബാർ കുട്ടികൾ...

**ഏവർക്കും നന്ദി...**



**SYRO MALABAR CATHOLIC CHURCH DUBLIN - IRELAND**

**ZONAL COORDINATION COUNCIL MEMBERS**

*Mar Stephen Chirappanath*
*Apostolic Visitator to Europe*

*Rev. Dr. Cherian Varikkattu*
*Coordinator General of the Apostolic Visitation*

*Rev. Dr. Msgr. Antony Perumayan*
*National Coordinator SMCC Ireland*

*Chaplains*
*Rev. Dr. Clement Padathiparambil*
*Rev. Fr. Rajesh Joseph Mechirakath*
*Rev. Fr. Roy Vattakkatt*

*Secretary*
*Johnson Chackalackal*

*Joint Secretary*
*Sunny Mathew*

*Trustee*
*Tibi Mathew*

*PRO*
*Maju Peckal*

*Excecutive Members*
*Joby John - Phibsborough*
*Jomon Thomas - St. Joseph's (Blackrock)*
*Jose Chacko - Swords*
*Pappachan Thachil - Beaumont*
*Raji Dominic - Lucan*
*Sony Joseph - Tallaght*

*Members*
*Alexmon Jose- Tallaght*
*Antu Varghese - Tallaght*
*Binoy Augustine - Phibsborough*
*Janner George -Bray*
*Jimmy Antony - Lucan*
*Jisha Baiju - Inchicore*
*Joby Augustine - Swords*
*Joy Thomas -Swords*
*Rajesh James - Beaumont*
*Rhine Jose - Inchicore*
*Saju Melparambil - Blanchardstown*
*Sally Tomy - Blanchardstown*
*Sajan Varghese - Beaumont*
*Shijo Manoj -Tallaght*
*Thomson Thomas - Bray*
*Thomas Joseph -St Joseph's (Blackrock)*
*Vincent Thomas - St Joseph's (Blackrock)*

*Mass Centre Secretaries*
*Biju Nadackal - Bray*
*Binujith Sebastian- Inchicore*
*Dennis Sebastian - St Joseph's (Blackrock)*
*Jose Sebastian(Joy) - Phibsborough*
*Pappachan Thachil - Beaumont*
*Shibu Joseph - Lucan*
*Sheena Francis - Swords*
*Thomas Antony- Blanchardstown*
*Toban Thomas - Tallaght*

*Accountants*
*Hayden Brown,*
*Chartered Accountants and Registered Auditors,*
*Grafton Buildings, 34 Grafton Street, Dublin 2.*
*Bankers*
*Bank of Ireland*
*College Green, Dublin 2.*
*Solicitors*
*Mason Hayes and Curran*
*South Bank House, Grand Canal Dock, Dublin 4.*


# ഹെസദ്

*'ഹെസദ് ', സ്നേഹം നിറഞ്ഞ കാരുണ്യത്തിന്റെ, സൃഷ്ടികളാകുവാൻ വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. ഓരോ മനുഷ്യനും ചിന്തകൾ, വാക്കുകൾ, പ്രവർത്തികൾ എന്നിവകൊണ്ട് മറ്റുള്ളവരെ വേദനിപ്പിയ്ക്കാതിരിക്കുക, അപരന്റെ നൻമ ആഗ്രഹിക്കുക, ഇതാണല്ലോ സ്നേഹം. ഒരുവന്റെ ദുരിതത്തിലും ദുരന്തത്തിലും അവന്റെ ഹൃദയത്തോട് സ്വന്തം ഹൃദയം ചേർത്തുവയ്ക്കുന്നതാണ് കാരുണ്യം. ദൈവത്തിന്റെ മുഖമാണ് കാരുണ്യം. അയർലണ്ടിലുള്ള സീറോ മലബാർ വിശ്വാസി സമൂഹം കാരുണ്യത്തിന്റെ വലിയൊരു ചരിത്രം രചിച്ചുകൊണ്ട് സഭാ നൗകയെ മുന്നോട്ടുകൊണ്ടു പോകുകയാണ്. മറ്റുള്ളവരുടെ വേദനകളിൽ പങ്കുചേർന്ന് അവരുടെ യാതനകളിൽ ആശ്വാസമായി, നരൻ പരനിലേയ്ക്ക് എത്തിച്ചേരുന്നത് അപരനിലൂടെയാണന്നുള്ള സത്യം അടിവരയിടുന്ന ഒരു ജീവിത ശൈലിയിലാണ് നാം ജീവിക്കാനാഗ്രഹിക്കുന്നതെന്ന് ഓരോ തീവ്രാനുഭവങ്ങളും നമ്മെ ഓർമ്മപ്പെടുത്തുന്നു. വിശ്വാസത്തിലൂടെ കർമ്മ നിരതമായ സ്നേഹമാണ് പ്രധാനപ്പെട്ടതെന്ന വചനോക്തി നമ്മെ മുന്നോട്ട് നയിക്കട്ടെ. നമ്മുടെ വിശ്വാസത്തിന്റെ ദ്രുതഗതിയിലുള്ള സമഗ്ര വളർച്ചയെ നന്ദിയോടെ നമ്മുക്കോർക്കാം. കാരുണ്യത്തിന്റെ തേജസ്സായ ഫ്രാൻസിസ് പാപ്പായെയും സഭയുടെ തലവനും പിതാവുമായ കർദിനാൾ ആലഞ്ചേരി പിതാവിനെയും അജപാലന സൗകര്യങ്ങൾ ക്രമീകരിക്കുകയും നമ്മുടെ വിശ്വാസ ജീവിതത്തെ പ്രതീക്ഷയോടെ ഉറ്റുനോക്കുകയും ചെയ്യുന്ന ഡെർമട്ട് മാർട്ടിൻ പിതാവിനെയും തീഷ്ണതയോടെ നമ്മുക്ക് ആത്മീയ നേതൃത്വം നൽകുന്ന സ്റ്റീഫൻ ചിറപ്പണത്ത് പിതാവിനെയും നമ്മുടെ വിശ്വാസ സമൂഹത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങളെ ഏകോപിപ്പിക്കുന്ന മോൺ. ആന്റണി പെരുമായൻ അച്ചനെയും നിറമനസോടെ ഓർക്കുന്നു. ഒമ്പത് സ്ഥലങ്ങളിലും കുർബാന കേന്ദ്രങ്ങൾ തുടങ്ങുവാൻ അക്ഷീണം പ്രയത്നിച്ച എല്ലാ മുൻ വൈദിക ശുശ്രൂഷകരെയും ആത്മാർഥമായി അഭിനന്ദിക്കുന്നു. നാളിതുവരെയുള്ള സോണൽ കമ്മറ്റി അംഗങ്ങൾ, വിവിധ ഭക്തസംഘടന സാരഥികൾ, വിവിധ കുർബാന സെന്ററിലെ കമ്മറ്റികൾ എന്നിവരുടെ കഠിനപ്രയത്നനവും സ്ഥിരോത്സാഹവുമാണ് വളർച്ചയുടെ പടവുകൾ ചവിട്ടിക്കയറുവാൻ നമ്മെ ഏറെ സഹായിച്ചിട്ടുള്ളത്. ഏവർക്കും അകൈതവമായ നന്ദി. ഒന്നിനെയും നിന്ദിക്കാതെ നന്ദിയോടെ എല്ലാം നോക്കിക്കാണുന്ന നിങ്ങളുടെ നല്ല മനസ്സിന് ഒരായിരം നന്ദി.റിയാൾട്ടോയിലെ പുതിയ അജപാലന കേന്ദ്രം, റിയാൾട്ടോ പള്ളിയിൽ ആത്മീയ ശുശ്രൂഷ ചെയ്യുവാനുള്ള അനുമതി എന്നിവയെല്ലാം ശുഭ സൂചകമായ ആത്മീയ വളർച്ചയുടെ നാഴികക്കല്ലുകളാണ്. "കർത്താവ് നല്ലവനാകുന്നു. അവിടുത്തെ കാരുണ്യം അനന്തമാണ്". ഇതായിരിക്കട്ടെ നമ്മുടെ മനസ്സിനെ ത്രാണനം ചെയ്യേണ്ട വചനം.*

*സ്നേഹപൂർവ്വം,*
***ഫാ. ക്ലമന്റ് പാടത്തിപ്പറമ്പിൽ***
***ഫാ. രാജേഷ് മേച്ചിറാകത്ത്***
***ഫാ. റോയി വട്ടക്കാട്ട്***





Editorial Board

Chief Editor
Maju Peckal

Editors
Joby John
Joby Augustine


## ഹെസദ് രണ്ടാം ലക്കം

*ഡബ്ലിൻ സീറോ മലബാർ സഭയുടെ പ്രവർത്തങ്ങളുടെ വിവരങ്ങളും ഫോട്ടോസും ഭാവിപരിപാടികളുടെ വിവരങ്ങളും ഉൾപ്പെടുത്തി ഹെസദിന്റെ ഈ രണ്ടാം ലക്കം പുറത്തിറക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. പരസ്യങ്ങളുടെ രൂപത്തിൽ സാമ്പത്തികമായി സഹായിച്ച് ഈ സംരംഭത്തെ യാഥാർത്ഥ്യവത്കരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. വിവരങ്ങൾ നൽകി സഹകരിച്ച സോണൽ മാസ്സ് സെന്റർ ഭാരവാഹികൾക്കും നന്ദിയുടെ നറുമലരുകൾ നേരുന്നു.*



# സെന്റ് തോമസ് പാസ്റ്ററൽ സെന്റർ... നന്ദിയോടെ ഡബ്ലിൻ സീറോ മലബാർ സഭ

അയർലണ്ടിലെ സീറോ മലബാർ വിശ്വാസികളുടെ അഭിമാന നിമിഷമായിരുന്നു സെന്റ് തോമസ് പാസ്റ്ററൽ സെന്ററിന്റെ കൂദാശ കർമ്മം. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ഡബ്ലിൻ അതിരൂപത ആർച്ച് ബിഷപ്പ് ഡെർമട്ട് മാർട്ടിൻ, സീറോ മലബാർ സഭ യൂറോപ്പ് അപ്പസ്റ്റോലിക് വിസിറ്റേറ്റർ ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത് എന്നിവരുൾപ്പെടെയുള്ള വിശിഷ്ട അതിഥികൾക്ക് മുത്തുക്കുടകളുടെയും ഈ വർഷം ആദ്യ കുർബാന സ്വീകരിച്ച കുട്ടികളുടെയും നൂറിൽപരം അൾത്താരബാലകരുടെയും അകമ്പടിയോടെ ഊഷ്മളമായ സ്വീകരണമാണ് നൽകിയത്. തുടർന്ന് പാസ്റ്ററൽ സെന്ററിന് സമീപമുള്ള ഔവർ ലേഡി ഓഫ് ഫാത്തിമ ദേവാലയത്തിൽ വച്ച് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയ്ക്ക് ശേഷമായിരുന്നു കൂദാശ കർമ്മം. ദേവാലയത്തിൽ വച്ച് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ച്ബിഷപ്പ് ഡെർമട്ട് മാർട്ടിൻ, ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത് എന്നിവർ ചേർന്ന് തിരി തെളിച്ചു.

പാസ്റ്ററൽ സെന്ററിന്റെ ഉദ്ഘാടനകർമ്മം കർദിനാൾ മാർ ജോർജ് ആലഞ്ചേരി നാടമുറിച്ച് നിർവഹിച്ചു. സെന്ററിൽ സ്ഥാപിച്ച ശിലാഫലകം ആർച്ച്ബിഷപ്പ് ഡെർമട്ട് മാർട്ടിൻ പ്രകാശനം ചെയ്തു. തുടർന്ന് പാസ്റ്ററൽ സെന്ററിലെ വിശുദ്ധ തോമാശ്ളീഹായുടെ തിരുസ്വരൂപത്തിന്റെ കൂദാശകർമ്മം ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത് നിർവഹിച്ചു.

ഡബ്ലിൻ അതിരൂപത സീറോ മലബാർ സഭയ്ക്ക് നൽകിവരുന്ന സ്നേഹത്തിനും പിന്തുണയ്ക്കും കർദിനാൾ നന്ദി പറഞ്ഞു. പാസ്റ്ററൽ സെന്റർ ഒരുക്കി തന്നതിൽ ഡബ്ലിൻ അതിരൂപതയോട് ഏറെ കടപ്പെട്ടിരിക്കുന്നതായും കർദിനാൾ കൂട്ടിച്ചേർത്തു. പ്രവൃത്തി ദിവസത്തിൽ ഇത്രയധികം വിശ്വാസികൾ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ എത്തിയതിൽ വലിയ സന്തോഷമുണ്ടന്നും കർദിനാൾ പറഞ്ഞു. വിശ്വാസത്തിൽ വളരുവാനും വിശ്വാസം മറ്റുള്ളവർക്കു പകർന്ന് നൽകുവാനും ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഒരുക്കി തരുന്ന പ്രാദേശിക സഭയോടൊപ്പം വളരണമെന്നും കർദിനാൾ പ്രസംഗത്തിൽ സൂചിപ്പിച്ചു. അയർലണ്ടിലെ സീറോ മലബാർ സഭാംഗ ങ്ങളുടെ വിശ്വാസക്രമജീവിതത്തിന് അവസരമൊരുക്കുന്നതിന്റെ ഭാഗമാ കുവാൻ കഴിഞ്ഞതിലുള്ള സന്തോഷം ഡബ്ലിൻ ആർച്ച്ബിഷപ്പ് ഡെർമട്ട് മാർട്ടിൻ രേഖപ്പെടുത്തി. അയർലണ്ടിലെ സീറോ മലബാർ വിശ്വാസികളുടെ സേവനതത്പരതയെയും ബിഷപ്പ് ഡെർമട്ട് മാർട്ടിൻ പുകഴ്ത്തി.

അയർലണ്ടിലേയ്ക്ക് കുടിയേറിയ സീറോ മലബാർ വിശ്വാസികളുടെ ആരാധനക്രമജീവിതത്തിന് ആവശ്യമായതെല്ലാം ഒരുക്കിത്തരുന്ന ഡബ്ലിൻ അതിരൂപതയ്ക്ക് ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത് നന്ദി പറഞ്ഞു. സീറോ മലബാർ സഭയുടെ ചരിത്രവും അയർലണ്ടിലെ പ്രവർത്തങ്ങളും ഉൾപ്പെടുത്തിയുള്ള വീഡിയോ പ്രദർശനത്തോടെ ആരംഭിച്ച പൊതുസമ്മേളനത്തിന് ഫാ.ക്ലമന്റ് പാടത്തിപ്പറമ്പിൽ സ്വാഗതം പറഞ്ഞു. അയർലണ്ട് കോഡിനേറ്റർ മോൺ. ആന്റണി പെരുമായൻ നന്ദി പറഞ്ഞു. അയർലണ്ടിലെത്തിയ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയ്ക്കും ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്തിനുമുള്ള സ്നേഹോപഹാരം ബിഷപ്പ് ഡെർമട്ട് മാർട്ടിൻ സമ്മാനിച്ചു. അയർലണ്ടിലെ വിശ്വാസസമൂഹത്തോടുള്ള സ്നേഹത്തെ പ്രതി തിരക്കിനിടയിലും ഡബ്ലിനിൽ എത്തിച്ചേർന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരിയ്ക്കുള്ള സ്നേഹോപഹാരം സെക്രട്ടറി ജോൺസൺ ചക്കാലയ്ക്കൽ, കൈക്കാരൻ ടിബി മാത്യു എന്നിവർ ചേർന്ന് നൽകി. അപ്പസ്റ്റോലിക് വിസിറ്റേഷൻ കോർഡിനേറ്റർ ഫാ. ചെറിയാൻ വാരികാട്ടും പരിപാടികളിൽ സംബന്ധിച്ചു.

പാസ്റ്ററൽ സെന്ററൽ നവീകരണത്തിന് നേതൃത്വം നൽകിയ ഡബ്ലിൻ അതിരൂപതാ വികാരി ജനറാൾ മോൺ. പോൾ കല്ലൻ, ജോൺ, ജിമ്മി എന്നിവരെയും സീറോ മലബാർ സഭ ആദരിച്ചു. പാസ്റ്ററൽ സെന്ററിന്റെ പ്രാരംഭ പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകിയ ഫാ. ജോസ് ഭരണികുളങ്ങര, വിവിധ ഇടവകകളിൽ നിന്നും എത്തിയ ഐറിഷ് വൈദികർ, സിസ്റ്റേഴ്സ്, അയർലണ്ടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ മലയാളി വൈദികർ, മറ്റ് സന്യസ്ത സഭയിലെ മലയാളി വൈദികർ, സിസ്റ്റേഴ്സ്, സഭായോഗം അംഗങ്ങൾ, കഴിഞ്ഞ കുറെ മാസങ്ങളായി പാസ്റ്ററൽ സെന്ററിന്റെ നവീകരണത്തിനായി സഹായിച്ച സോണൽ കമ്മറ്റി, മാസ്സ് സെന്റർ ഭാരവാഹികൾ, മറ്റ് വ്യക്തികൾ എന്നിവർ നൽകിയ അകമഴിഞ്ഞ സന്നദ്ധ പ്രവർത്തങ്ങൾക്കും സേവനങ്ങൾക്കും പ്രാർത്ഥനകൾക്കും സീറോ മലബാർ സഭയ്ക്കു വേണ്ടി മോൺ. ആന്റണി പെരുമായൻ നന്ദി പറഞ്ഞു. പാസ്റ്ററൽ സെന്ററിന്റെ ഉദ്ഘാടനവും വെഞ്ചിരിപ്പും തത്സമയം ലോകം മുഴുവനും എത്തിച്ച ശാലോം ടീവിയ്ക്കും സീറോ മലബാർ സഭ നന്ദി രേഖപ്പെടുത്തി.

പാസ്റ്ററൽ സെന്ററിന്റെ ഉദ്ഘാടനത്തിനും വെഞ്ചിരിപ്പിനും ഫാ.ക്ലമന്റ് പാടത്തിപ്പറമ്പിൽ, ഫാ. രാജേഷ് മേച്ചിറാകത്ത്, സോണൽ കമ്മറ്റി അംഗങ്ങൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ രൂപീകരിച്ചാണ് പ്രവർത്തങ്ങൾ ഏകോപിപ്പിച്ചത്.







"വിശ്വാസത്തിൽ വളരുവാനും
വിശ്വാസം മറ്റുള്ളവർക്കുപകർന്ന്
നൽകുവാനും ആവശ്യമായ എല്ലാ
സജ്ജീകരണങ്ങളും ഒരുക്കി
തരുന്ന പ്രാദേശിക
സഭയോടൊപ്പം വളരണം"

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**











"സീറോ മലബാർ സഭാംഗങ്ങളുടെ
വിശ്വാസ ക്രമജീവിതത്തിന്
അവസരമൊരുക്കുന്നതിന്റെ
ഭാഗമാകുവാൻ കഴിഞ്ഞതിൽ
സന്തോഷമുണ്ട് "

**ആർച്ച്ബിഷപ്പ് ഡെർമട്ട് മാർട്ടിൻ**





"സീറോ മലബാർ വിശ്വാസികളുടെ
ആരാധനക്രമജീവിതത്തിന്
ആവശ്യമായതെല്ലാം ഒരുക്കിത്തരുന്ന
ഡബ്ലിൻ അതിരൂപതയ്ക്ക് നന്ദി"

**ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത്**




















# കുടുംബങ്ങളിൽ ആഹ്ളാദവും നർമ്മബോധവും ഉണ്ടാകണം

## മാർ തോമസ് തറയിൽ

കുടുംബങ്ങളിൽ ആഹ്ളാദവും നർമ്മ ബോധവും ഉണ്ടാകണം. കുടുംബാംഗങ്ങൾ കൂടുതൽ സമയവും ഒരുമിച്ചിരിക്കാനും പ്രാർത്ഥിക്കാനും നർമ്മങ്ങൾ പങ്കിടാനും സമയം കണ്ടെത്തണം. ഡബ്ലിൻ സീറോ മലബാർ സഭ സംഘടിപ്പിച്ച മൂന്ന് ദിവസത്തെ കുടുംബനവീകരണ ധ്യാനത്തിൽ സംസാരിക്കുകയായിരുന്നു ബിഷപ്പ് തോമസ് തറയിൽ. ബ്ലാഞ്ചാർഡ്സ്ടൗൺ പിബ്ബിൾസ്ടൗൺ കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടത്തപ്പെട്ട ധ്യാനം ബിഷപ്പ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. പ്രമുഖ വചനപ്രഘോഷകനും ധ്യാനഗുരുവുമായ ചങ്ങനാശ്ശേരി അതിരൂപതാ സഹായ മെത്രാൻ ബിഷപ്പ് തോമസ് തറയിലാണ് ധ്യാനം നയിച്ചത്. ഒക്ടോബർ 28, 29, 30 തീയ്യതികളിലായി നടന്ന ധ്യാനത്തിൽ അയർലണ്ടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറു കണക്കിന് വിശ്വാസികളാണ് എത്തിച്ചേർന്നത്.













# KNOCK മരിയൻ തീർത്ഥാടനവും ഭക്തസംഘടനകളുടെ ഉദ്ഘാടനവും

അയർലണ്ടിലെ സീറോ മലബാർ സഭയുടെ നോക്ക് മരിയൻ തീർത്ഥാടനവും ഭക്തസംഘടനകളുടെ ഉദ്ഘാടനവും മെയ് 19 ശനിയാഴ്ച്ച രാവിലെ 10.30 ന് നോക്ക് മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. സീറോ മലബാർ സഭ യൂറോപ്പ് അപ്പസ്റ്റോലിക് വിസിറ്റേറ്റർ ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത് മുഖ്യ കാർമ്മികനായിരുന്നു. ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്തിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാനയും തുടർന്ന് ഭക്തിനിർഭരമായ പ്രദക്ഷിണവും ഉണ്ടായിരുന്നു. കൊടികളും മുത്തുക്കുടകളും സ്വർണ, വെള്ളി കുരിശുകളും തിരുസ്വരൂപങ്ങളും വഹിച്ചു കൊണ്ടും, പ്രാർത്ഥനഗാനങ്ങൾ ആലപിച്ചുകൊണ്ടും വിശ്വാസികൾ അണിചേർന്ന പ്രദക്ഷിണം പ്രവാസി സമൂഹത്തിന്റെ വിശ്വാസത്തിന്റെ ഏറ്റവും വലിയ പ്രഘോഷണമായി. അയർലണ്ട് സീറോ മലബാർ സഭയുടെ ഭക്തസംഘടനകളായ മാതൃജ്യോതി, പിതൃവേദി, തിരുബാലസഖ്യം, സീറോ മലബാർ യൂത്ത് മൂവ്മെന്റ് എന്നിവയുടെ ഔദ്യോഗിക ഉദ്ഘാടനവും നോക്കിൽ വച്ച് നടത്തപ്പെട്ടു. പ്രത്യേക പരിഗണ ലഭിക്കേണ്ട കുട്ടികൾക്കും മാതാപിതാക്കൾക്കുമായി SMILE എന്ന കൂട്ടായ്മയുടെയുടെ പ്രവർത്തനവും നോക്കിൽ വച്ച് ആരംഭിച്ചു. അയർലണ്ടിലെ 5ൽ കൂടുതൽ കുട്ടികളുള്ള കുടുംബങ്ങളെ നോക്കിൽ വച്ച് ആദരിച്ചു.











# കുടുംബസംഗമം വർണ്ണോജ്ജ്വലമായി

ഫമീലിയ കുടുംബസംഗമം ജൂൺ 23 ശനിയാഴ്ച്ച രാവിലെ 9 മണി മുതൽ ലൂക്കൻ വില്ലേജ് യൂത്ത് സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഡബ്ലിനിലെ വിവിധ മാസ്സ് സെന്ററുകളിൽ നിന്നും നൂറു കണക്കിന് കുടുംബങ്ങൾ പങ്കെടുത്തു. കുടുംബസംഗമത്തിൽ ബൗൺസിങ്ങ് കാസിൽ, ഫേസ് പെയിന്റിംഗ്, സഭയുടെ വിവിധ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഗെയിമുകൾ, കേരള രുചിയുള്ള വൈവിധ്യമാർന്ന ഭക്ഷ്യസ്റ്റാളുകൾ എന്നിവ കുടുംബസംഗമ വേദിയെ വർണ്ണാഭമാക്കി. പ്രമുഖ ഗായകർ പങ്കെടുത്ത ഗാനമേളയും കുടുംബസംഗമത്തോട് അനുബന്ധിച്ചുണ്ടായിരുന്നു. വിനോദത്തിനും വിജ്ഞാനത്തിനുമായുള്ള വിവിധ മത്സരങ്ങൾ മുതിർന്നവർക്കും, കുട്ടികൾക്കും, ദമ്പതികൾക്കുമായി സംഘടിപ്പിച്ചു. പുരുഷൻമാരുടെയും സ്ത്രീകളുടെയും വടംവലി മത്സരം, കുട്ടികൾക്കു വേണ്ടി മാജിക് ഷോ, കുതിര സവാരി തുടങ്ങിയവയും കുടുംബസംഗമത്തിന്റെ മുഖ്യ ആകർഷണമായി. സീറോ മലബാർ ചർച്ച് ചാപ്ളയിൻസ് ഫാ. ജോസ് ഭരണികുളങ്ങര, ഫാ. ആന്റണി ചീരംവേലിൽ MST, ഫാ. ക്ലമന്റ് പാടത്തിപ്പറമ്പിൽ, പ്രോഗ്രാം കോർഡിനേറ്റർ ജിമ്മി ആന്റണി, സോണൽ കൗൺസിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.



# ഹൃദയങ്ങളെ സ്പർശിക്കേണ്ട കുടുംബങ്ങളുടെ ജീവിതസാക്ഷ്യം

*കുടുംബങ്ങളുടെ ആഗോള സംഗമത്തിന് പരിസമാപ്തി കുറിച്ചുകൊണ്ടുള്ള സമൂഹബലിയർപ്പണം ആഗസ്റ്റ് 26 ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് ഡബ്ലിനിലെ വിശാലമായ ഫീനിക്സ് പാർക്കിലെ അതിമനോഹരമായ താല്ക്കാലിക വേദിയിലായിരുന്നു. കുടുംബങ്ങൾക്കൊപ്പം ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്ത സമൂഹബലിയർപ്പണത്തിൽ പാപ്പാ ഫ്രാൻസിസ് പങ്കുവച്ച വചനചിന്തകളുടെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.*

### ക്രിസ്തു തരുന്ന നിത്യജീവന്റെ വചസ്സുകൾ

കുടുംബങ്ങളിൽ ദൈവം അനുദിനം നിരവധിയായി വർഷിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദിപറയാം. കുടുംബങ്ങളുടെ ജീവിത തിരെഞ്ഞെടുപ്പും ദൈവവിളിയും വിശ്വസ്തയോടെ ജീവിച്ചുകൊണ്ട്, കൊച്ചുത്രേസ്യാ പുണ്യവതിയുടെ വാക്കുകളിൽ... "സഭാഹൃദയത്തിലെ സ്നേഹമായി ജീവിക്കാം!"

"അങ്ങിൽ നിത്യജീവന്റെ വചസ്സുകളല്ലോ!" യോഹന്നാൻ 6, 68. ദൈവവും സഹോദരങ്ങളുമായുള്ള കൂട്ടായ്മയുടെ അനുഭവത്തിൽ നാം സ്വീകരിക്കുന്ന നന്മയുടെ സ്രോതസ്സിനെക്കുറിച്ച് ചിന്തിക്കേണ്ടതും മനസ്സിലാക്കേണ്ടതുമാണ്. അനുഗ്രഹങ്ങളുടെ സ്രോതസ്സിനെക്കുറിച്ചാണ് ക്രിസ്തു ഇന്നത്തെ സുവിശേഷഭാഗത്ത് ഉദ്ബോധിപ്പിക്കുന്നത്. താൻ മൊഴിഞ്ഞ "വാക്കുകൾ നിത്യജീവൻറെ വാക്കുകളാണെന്ന് ക്രിസ്തു പറഞ്ഞത്, ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുകയും ചിലരെ ചൊടിപ്പിക്കുകയും ചെയ്തു. "ഇതെന്തൊരു ദുർഗ്രാഹ്യമായ ചിന്തയാണ്, വാക്കുകളാണ്!" എന്നായിരുന്നു അവരുടെ പ്രതികരണം (യോഹ. 6, 63).


### ദൈവാത്മാവ് നവജീവന്റെ സ്രോതസ്സ്

എന്നാൽ ദൈവാരൂപിയുടെ സ്വർഗ്ഗീയദാനത്തെക്കുറിച്ചും വാഗ്ദാനത്തെക്കുറിച്ചുമുള്ള ഈ പ്രബോധനം വിശ്വാസമുള്ളവർക്ക് പ്രചോദനാത്മകമാണ്. അത് സകലത്തിൻറെയും, ഈ ദിവസങ്ങളിൽ നാം ചിന്തിക്കുകയും പഠിക്കുകയും ചർച്ചചെയ്യുകയും ചെയ്ത നന്മകളുടെ സ്രോതസ്സിലേയ്ക്കാണ് നമ്മെ നയിക്കുന്നത്. ദൈവാരൂപിയാണ് ലോകത്തിലും നമ്മുടെ കുടുംബങ്ങളിലും മനുഷ്യഹൃദയങ്ങളിലും, ഇടവകസമൂഹങ്ങളിലും നവജീവന്റെ ഓജസ്സ് ഓതിത്തരുന്നത്, തൂവിത്തരുന്നത്. കുടുംബങ്ങളിലും സമൂഹങ്ങളിലും പുതിയ തലമുറകളിലും വിരിയുന്ന ഓരോ പുതിയ ദിനവും, നമ്മുടെ മദ്ധ്യസ്ഥനും സമാശ്വാസകനും പ്രയോക്താവുമായ ദൈവാരൂപിയുടെ നവപെന്തക്കോസ്തായിലെ വാഗ്ദാനമാണ്. അത് ദൈവാത്മാവിന്റെ നവസാന്നിദ്ധ്യവും നവമായ അനുഗ്രഹവർഷവുമാണ്.

### കുടുംബം – സുവിശേഷനന്മയുടെ സ്രോതസ്സ്

ദൈവികദാനവും വാഗ്ദാനവുമാകുന്ന പരിശുദ്ധാത്മാവിൻറെ പ്രചോദനവും പ്രോത്സാഹനവും ഇന്നത്തെ ലോകത്തിന് അനിവാര്യമാണ്.







*ഈ കുടുംബസംഗമത്തിന്റെ ഫലപ്രാപ്തിയെന്നോണം ഈശോ പറയുന്ന "നിത്യജീവന്റെ വാക്കുകൾ...' നമ്മുടെ ജീവിത സാഹചര്യങ്ങളിൽ പങ്കുവയ്ക്കുന്ന നന്മയുടെ സ്രോതസ്സുകളായി ജീവിക്കാൻ പരിശ്രമിക്കാം. ജോഷ്വായുടെ പുസ്തകം പറയുന്നപോലെ, നമ്മുടെ സഹോദരങ്ങളെ, നമ്മുടെ ജനത്തെ "അടിമത്വത്തിന്റെ നാട്ടിൽനിന്ന് മോചിപ്പിച്ച്, ക്ലേശങ്ങളുടെയും തിന്മയുടെയും മരുഭൂമി താണ്ടാൻ സഹായിച്ച്, യഥാർത്ഥമായ സ്വാതന്ത്ര്യത്തിലേയ്ക്കും പ്രത്യാശയിലേയ്ക്കും നയിക്കുന്ന...' സുവിശേഷത്തിന്റെ സ്രോതസ്സുകളാകണം ക്രൈസ്തവകുടുംബങ്ങൾ (ജോഷ്വ 24,17).*

### അഭേദ്യമായ സ്നേഹബന്ധം ക്രിസ്തുവും സഭയുംപോലെ

*ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയ്ക്ക് അവിടത്തോടുള്ള അഭേദ്യമായ ബന്ധത്തെ വിവാഹത്തോടെ ഉപമിക്കുന്നതാണ് ഇന്നത്തെ രണ്ടാമത്തെ വായന (എഫേ. 5, 32). പൗലോസ് അപ്പസ്തോലൻ നല്കുന്ന ഈ പ്രബോധനം മഹത്തരമാണെങ്കിലും പലർക്കും അരോചകമായി തോന്നാം, അഗ്രാഹ്യമായി കരുതാം. കാരണം "ക്രിസ്തു സ്നേഹിച്ചതുപോലെ...' എന്നുപറയുമ്പോൾ അത് അവിടുത്തെ സ്വയാർപ്പണവും, മഹത്തരവും ശ്രേഷ്ഠവുമായ സ്നേഹത്താൽ ചെയ്യുന്ന ത്യാഗസമർപ്പണത്തിലൂടെ നേടേണ്ട നവജീവന്റെ പരിണാമത്തിലേയ്ക്കാണ് നമ്മെ ക്ഷണിക്കുന്നത്. ക്രിസ്തുവിന്റേതുപോലുള്ള സ്നേഹത്തിനു മാത്രമേ പാപത്തിൻറെയും സ്വാർത്ഥതയുടെയും, ആർത്തിയുടെയും, എളിയവരോടുള്ള നിസംഗതയുടെയും ലോകത്തെ രക്ഷിക്കാനാകൂ, സ്വതന്ത്രമാക്കാനാകൂ! ക്രിസ്തുവിൽ നാം അറിഞ്ഞതും പഠിച്ചതുമായ സ്നേഹമാണിത്. അത് ഈ ലോകത്ത് അവതീർണ്ണമായതും അവതരിച്ചതും ഒരു കുടുംബത്തിലാണ്! നസ്രത്തിലെ കുടുംബത്തിലാണ്.*

*അതിനാൽ ക്രൈസ്തവ കുടുംബങ്ങളിലൂടെ ഈ ലോകത്തെ ദൈവവുമായി രമ്യതപ്പെടുത്താൻ പോരുന്ന സ്നേഹം പങ്കുവയ്ക്കാൻ നമുക്കു സാധിക്കണം. അങ്ങനെ ഈ ഭൂമുഖത്ത് നീതിയിലും വിശുദ്ധിയിലും സമാധാനത്തിലും വസിക്കുന്ന ഒരു മാനവകുലത്തെ സൃഷ്ടിചെയ്യാൻ ഇന്നു നമുക്കു സാധിക്കണം!*

### മനുഷ്യഹൃദയങ്ങളെ സ്പർശിച്ച ജീവിതസാക്ഷ്യം

*ഈ ദൗത്യം - സുവിശേഷ ദൗത്യം ശ്രമകരമാണ്. ഇന്ന് ഇവിടെ ക്രൈസ്തവർ നേരിടുന്ന വെല്ലുവിളികൾ അതിൽതന്നെ ഉൾച്ചേർന്നിരിക്കുന്നു. പണ്ട് അയർലണ്ടിലെ ക്രൈസ്തവ മിഷനറിമാർ നേരിട്ട ക്ലേശങ്ങളെക്കാൾ വലുതാണ് ഇന്നിവിടെ നിങ്ങൾ അഭിമുഖീകരിക്കുന്ന ആഭ്യന്തരമായ വെല്ലുവിളികൾ. കിരാതവും ദുരാചാരങ്ങളുടേതുമായ ഒരു യൂറോപ്യൻ സംസ്ക്കാരത്തിനാണ് വിശുദ്ധ കൊളംമ്പാനൂസും അനുചരന്മാരും സുവിശേഷവെളിച്ചം പകർന്നുതന്നത്. അവരുടെ പ്രബോധനതന്ത്രമോ വാക്സാമർത്ഥ്യമോ എന്നതിനെക്കാൾ, പ്രേഷിത പ്രവൃത്തിയുടെ വിജയകാരണം ദൈവാരൂപിയുടെ പ്രചോദനങ്ങളായിരുന്നു. ക്രിസ്തുവിനോടും സഹോദരങ്ങളോടും ഒരുപോലെ വിശ്വസ്തതയുള്ള ജീവിത സാക്ഷ്യത്തിൽനിന്നും ആർജ്ജിച്ച ശക്തി, ദൈവിക ശക്തി - ദൈവകൃപയാണ് മനുഹൃദയങ്ങളെ സ്പർശിച്ച സാക്ഷ്യമായി മാറിയത്. അത് യൂറോപ്യൻ സംസ്ക്കാരത്തിനുതന്നെ നാന്നിയായി. അങ്ങനെ ഈ ജീവിതസാക്ഷ്യമാണ് ദൈവത്തിന്റെ വിശുദ്ധവും വിശ്വസ്തവുമായ ജനതയുടെ ആത്മീയവും അജപാലനപരവുമായ നവീകരണത്തിന് ഇന്നും വറ്റാത്ത സ്രോതസ്സായി നിൽക്കുന്നത്, ആത്മീയ സ്രോതസ്സായി മാറേണ്ടത്....*

*കടപ്പാട്: വത്തിക്കാൻ റേഡിയോ*






















# വർണ്ണ വിസ്മയങ്ങളുടെ കലാവിരുന്നൊരുക്കിയ
# ബൈബിൾ കലോത്സവം

ഡബ്ലിൻ സീറോ മലബാർ സഭയുടെ ആറാമത് ബൈബിൾ കലോത്സവം സെപ്റ്റംബർ 30 ന് ഞായറാഴ്ച്ച ബൂമോണ്ട് ആർട്ടൈൻ ഹാളിൽ വച്ച് നടത്തപ്പെട്ടു. ഉച്ചക്ക് 1.15 ന് ഹാളിനു സമീപമുള്ള സെൻറ് ജോൺ വിയാനി പള്ളിയിൽ വച്ച് നടന്ന വിശുദ്ധ കുർബാനയോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് 2.15ന് ആർട്ടൈൻ ഹാളിൽ വച്ച് ഡബ്ലിൻ അതിരൂപത എപ്പിസ്കോപ്പൽ വികാരി Very. Rev. Fr. Liam O Cuiv പൊതുയോഗം ഉദ്ഘാടനം ചെയ്തു. സീറോ മലബാർ സഭ അയർലണ്ട് കോ ഓർഡിനേറ്റർ മോൺസിഞ്ഞോർ ആന്റണി പെരുമായൻ അധ്യക്ഷത വഹിച്ചു.

സീറോ മലബാർ സഭയുടെ ഡബ്ലിനിലെ വിശ്വാസ പരിശീലന വിഭാഗം നടത്തിയ വേദപാഠ സ്കോളർഷിപ്പ് പരീക്ഷയിലും ബൈബിൾ ക്വിസ് മത്സരങ്ങളിൽ വിജയികളായവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ലീവിങ് സെർട്ട്, ജൂനിയർ സെർട്ട് പരീക്ഷയിൽ ഉന്നത വിജയം നേടിയവരെയും വിവാഹത്തിന്റെ സിൽവർ ജൂബിലി ഈ വർഷം ആഘോഷിക്കുന്ന ദമ്പതികളെയും സെപ്റ്റംബർ 30 ന് ബൂമോണ്ട് ആർട്ടെയിൻ ഹാളിൽ നടന്ന ബൈബിൾ കലോത്സവവേദിയിൽ വച്ച് ആദരിച്ചു. വൈകിട്ട് 6 മണി വരെ നീണ്ടു നിന്ന കലോത്സവത്തിൽ ഡബ്ലിൻ സീറോ മലബാർ സഭയുടെ 9 മാസ് സെന്ററുകളിൽ നിന്നുള്ള പ്രതിഭകൾ അണിയിച്ചൊരുക്കിയ കലാവിരുന്നാണ് അവതരിപ്പിക്കപ്പെട്ടത്.

പ്രകൃതി ദുരന്തത്തിൽ സകലതും നഷ്ടപ്പെട്ട കേരളത്തിലെ പ്രിയപ്പെട്ടവരെ സഹായിക്കാനായി ഡബ്ലിൻ സീറോ മലബാർ യൂത്ത് മൂവ്മെന്റ് 'സ്നേഹപൊതി' ഒരുക്കി.







# സകല വിശുദ്ധരുടെ തിരുനാളും ഏഞ്ചൽസ് മീറ്റും നടത്തപ്പെട്ടു

സെപ്തംബർ 2 ഞായറാഴ്ച്ച ഇഞ്ചികോർ മേരി ഇമ്മാകുലേറ്റ് ദേവാലയത്തിൽ വച്ച് പരിശുദ്ധ കന്യാമറിയത്തിന്റെയും വി. തോമാശ്ലീഹാ യുടെയും കേരള സഭയിൽ നിന്നുള്ള വിശുദ്ധരായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെയും, അൽഫോൻസാമ്മയുടെയും, ഏവുപ്രസിയാമ്മയുടെയും സംയുക്ത തിരു നാൾ ആഘോഷിച്ചു. സെപ്തംബർ 1 ശനി യാഴ്ച്ച തിരുനാളിന് തുടക്കം കുറിച്ച് കൊണ്ട് വൈകിട്ട് ഇഞ്ചിക്കോർ മേരി ഇമ്മാക്കുലേറ്റ് പള്ളിയിൽ ലദീഞ്ഞ് നടത്തപ്പെട്ടു. തുടർന്ന് പള്ളിയിൽ നിന്ന് പ്രദക്ഷിണമായി നീങ്ങിയ വിശ്വാസസമൂഹം കൊടി ഉയർത്തൽ ചടങ്ങിലും ഭക്ത്യാദര പൂർവ്വം പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് 2.00ന് ഈ വർഷം ആദ്യ കുർബാന സ്വീകരിച്ച കുട്ടികളുടെ മദ്ബാഹ പ്രദക്ഷിണത്തോടെ തിരുനാൾ കർമ്മങ്ങൾ ആരംഭിച്ചു. തുടർന്ന് ഫാ. ആന്റണി ചീരംവേലി യുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയിൽ ഫാ.ക്രൈസ്റ്റ് ദാസ്, ഫാ. ജോസ് ഭരണികുളങ്ങര എന്നിവർ സഹ കാർമ്മികരായിരുന്നു.പരിശുദ്ധ അമ്മയുടെ ഗ്രോട്ടോയിലേക്ക് പ്രദക്ഷിണവും നടത്തപ്പെട്ടു. തിരുനാൾ നേർച്ച വിതരണം, കൊടിയിറക്ക് എന്നിവ ഉണ്ടായിരുന്നു. തിരുനാളിനോട് അനുബന്ധിച്ച് ഡബ്ലിൻ സീറോ മലബാർ സഭയുടെ മാസ് സെന്ററുകളിൽ ഈ വർഷം ആദ്യ കുർബാന സ്വീകരണം നടത്തിയ കുട്ടികൾ പങ്കെടുത്ത 'ഏഞ്ചൽസ് മീറ്റും' നടത്തപ്പെട്ടു.



# ഫാ.ആന്റണി ചീരംവേലിയ്ക്ക് ഹൃദ്യമായ യാത്രയയ്പ്പ് നൽകി

ഡബ്ലിൻ സീറോ മലബാർ സഭയുടെ ചാപ്ലയിൻ ഫാ ആന്റണി ചീരംവേലി MST യ്ക്ക് ഡബ്ലിൻ സീറോ മലബാർ സഭ ഹൃദ്യമായ യാത്രയയ്പ്പ് നൽകി. പിതൃതുല്യമായ വാത്സല്യത്തോടെ കഴിഞ്ഞ വർഷങ്ങളിൽ അച്ചൻ നൽകിയ സേവനങ്ങൾ എക്കാലവും അനുസ്മരിക്കപ്പെടും. ഡബ്ലിൻ സീറോ മലബാർ സഭയുടെ വളർച്ചയ്ക്ക് അച്ചൻ നൽകിയ പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും സഭ നന്ദി അറിയിച്ചു. പുതിയ ശുശ്രൂഷാ മേഖലയിലേക്ക് യാത്രയാകുന്ന അച്ചന് ഡബ്ലിൻ സീറോ മലബാർ സഭ എല്ലാവിധ ഭാവുകങ്ങളും പ്രാർത്ഥനകളും നേർന്നു. തുടർന്ന് നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ ഡബ്ലിൻ സീറോ മലബാർ സഭ സോണൽ കമ്മറ്റി ജോ. സെക്രട്ടറി സണ്ണി മാത്യു, സോണൽ കമ്മറ്റി അംഗം ഷിജോ മനോജ്, സൺഡേ സ്കൂൾ ഹെഡ് മാസ്റ്റർ ജോസ്,യൂത്ത് ഇഗ്നൈറ്റ് പ്രതിനിധി സിബിൾ റോസ് എന്നിവർ ആശംസകൾ അർപ്പിച്ചു. സീറോ മലബാർ സഭ സോണൽ കമ്മറ്റി സെക്രട്ടറി ജോൺസൻ ചക്കാലയ്ക്കൽ, കൈക്കാരൻ ടിബി മാത്യു എന്നിവർ ചേർന്ന് അച്ചന് സ്നേഹോപഹാരം സമ്മാനിച്ചു. ഡബ്ലിൻ സഭാംഗങ്ങൾ നൽകിയ സ്നേഹത്തിനും പിന്തുണയ്ക്കും ആന്റണിയച്ചൻ നന്ദി പറഞ്ഞു.

# ഡബ്ലിൻ സീറോ മലബാർ സഭയ്ക്ക് പുതിയ വൈദികർ



**ഫാ.രാജേഷ് ജോസഫ് മേച്ചിറാകത്ത്**

ഡബ്ലിൻ സീറോ മലബാർ സഭയുടെ പുതിയ ചാപ്ലയിൻ ഫാ.രാജേഷ് ജോസഫ് മേച്ചിറാകത്ത് ഡബ്ലിനിൽ എത്തിച്ചേർന്നു. തലശ്ശേരി അതിരൂപതാ അംഗമായ ഫാ.രാജേഷ് 2007 ലാണ് വൈദികപട്ടം സ്വീകരിച്ചത്. Msc, MBA, Mphil തുടങ്ങി വിഷയങ്ങളിൽ ഉപരിപഠനം നടത്തിയിട്ടുള്ള അച്ചൻ ചെറുപുഷ്പമിഷൻലീഗ്, AKCC തുടങ്ങി സംഘടനകളുടെ രൂപതാ ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുകയാണ് ഡബ്ലിനിൽ ശുശ്രൂഷ ചെയ്യാനായി നിയമിതനായത്.



**ഫാ. റോയി ജോർജ് വട്ടക്കാട്ട്**

ഡബ്ലിൻ സീറോ മലബാർ സഭയുടെ പുതിയ ചാപ്ലയിൻ ആയി ഫാ. റോയി ജോർജ് വട്ടക്കാട്ട് നിയമിതനായി. മാനന്തവാടി രൂപതാ അംഗമായ അച്ചൻ 2006ൽ ആണ് വൈദിക പട്ടം സ്വീകരിച്ചത്. റോമിലെ പൊന്തിഫിക്കൽ സലേഷൻ യൂണിവേഴ് സിറ്റിയിൽ നിന്നും ഉന്നത വിദ്യാഭ്യാസം നേടിയ അച്ചൻ 2013 മുതൽ മാനന്തവാടി രൂപതയുടെ മത ബോധന വിഭാഗത്തിന്റെ ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചുവരികയായിരുന്നു..



**www.syromalabar.ie**

ഡബ്ലിൻ സീറോ മലബാർ സഭയുടെ പ്രവർത്തനങ്ങളും പരിപാടികളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള വെബ്സൈറ്റിൽ സഭ നടത്തുന്ന വിവിധ പരിപാടികളുടെ രജിസ്ട്രേഷനുകളുടെ വിവരങ്ങളും ലഭ്യമാണ്. ഡബ്ലിൻ സീറോ മലബാർ സഭയിലെ 9 മാസ്സ് സെന്ററിലെയും വിശുദ്ധ കുർബാന, സൺഡേസ്കൂൾ തുടങ്ങിയവയുടെ സമയക്രമീകരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

# വിശുദ്ധ കുർബാനയുടെ ആഘോഷപൂർവ്വമായ സ്വീകരണം.

## ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്ത് മുഖ്യ കാർമ്മികനായി പങ്കെടുത്തു

ഡബ്ലിൻ സീറോ മലാബാർ സഭയുടെ വിവിധ മാസ്സ് സെന്ററുകളിൽ കുട്ടികളുടെ വിശുദ്ധ കുർബ്ബാനയുടെ ആഘോഷപൂർവ്വമായ സ്വീകരണം നടത്തപ്പെട്ടു. തിരുകർമ്മങ്ങൾക്ക് സീറോ മലബാർ സഭ യൂറോപ്പ് അപ്പസ്റ്റോലിക് വിസിറ്റേറ്റർ ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത് മുഖ്യ അഥിതിയായിരുന്നു. ഡബ്ലിൻ സീറോ മലബാർ സഭ ചാപ്ലൈൻസ് ഫാ. ജോസ് ഭരണിക്കുളങ്ങര, ഫാ. ആൻറണി ചീരംവേലിൽ MST, ഫാ. ക്ലമന്റ് പാടത്തിപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി. വിവിധ മാസ്സ് സെന്ററുകളിലായി 60 ഓളം കുരുന്നുകളാണ് ഈ വർഷം ആദ്യമായി ഈശോയെ സ്വീകരിച്ചത്. മാസ്സ് സെൻറർ കമ്മിറ്റികളുടെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങളാണ് ആഘോഷപൂർവ്വമായ ദിവ്യകാരുണ്യ ദിനത്തിൽ ഒരുക്കിയത്.



**TALLAGHT** - 14TH SATURDAY 2018
ST. MARK'S CHURCH, SPRINGFIELD, TALLAGHT.



**ST. JOSEPH'S** - 14TH SATURDAY 2018
CHURCH OF THE GUARDIAN ANGELS, BLACKROCK.



**BLANCHARDSTOWN** - 15TH SUNDAY 2018
ST. BRIGID'S CHURCH, BLANCHARDSTOWN



**LUCAN** - 28TH SATURDAY 2018
DIVINE MERCY CHURCH, LUCAN



**SWORDS** - 15TH SUNDAY 2018
ST. FINIAN'S CHURCH, RIVERVALLEY, SWORDS.



**PHIBSBOROUGH** - 29TH SUNDAY 2018
ST. CANICE'S CHURCH, FINGLAS

# യുവാക്കളുടെ പ്രയത്നവും ദൈവത്തിന്റെ പ്രസാദവും ഒന്നുചേരുമ്പോൾ വലിയ വിസ്മയങ്ങൾ ഈ ലോകത്തിൽ സംഭവിയ്ക്കുന്നു



യുവാക്കളാണ് സഭയുടെ നട്ടെല്ല്. സഭയ്ക്ക് സജീവിത്വം നൽകുന്നത് സന്തോഷമാർന്ന യുവമനസ്സുകളുടെ സാന്നിദ്ധ്യമാണ്. യൂറോപ്പിലെ ഏറ്റവും ശക്തമായ യുവജനസാന്നിദ്ധ്യം നമ്മുടേതാണെന്നതിൽ നമുക്ക് അഭിമാനിയ്ക്കാം. യുവാവായ യേശുവിനെ അടുത്തനുകരിക്കുവാൻ എല്ലാ യുവാക്കൾക്കും സാധിക്കട്ടെ. യുവാക്കളുടെ പ്രയത്നവും ദൈവത്തിന്റെ പ്രസാദവും ഒന്നുചേരുമ്പോൾ വലിയ വിസ്മയങ്ങൾ ഈ ലോകത്തിൽ സംഭവിയ്ക്കുന്നു. ദിവ്യകാരുണ്യനാഥനിൽ നിന്ന് ശക്തി സ്വീകരിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന ശ്രേഷ്ഠ സമൂഹമായി തീരട്ടെ SMYM. യുവത്വത്തിൽ തമ്പുരാനെ ഓർക്കുന്നവർക്ക് വാർദ്ധ്യകത്തിൽ വർദ്ധിച്ചനുഗ്രഹങ്ങൾ പ്രദാനം ചെയ്യപ്പെടുന്നുവെന്നത് അനുഗ്രഹദായകമായ ദിവ്യവചനമാണ് കരയുന്നവരോടൊത്ത് കരയുവാനും സന്തോഷിക്കുന്നവരോടൊത്ത് സന്തോഷിക്കുവാനുമുള്ള ഈശോയുടെ മനസ്സ് നിങ്ങൾക്കുണ്ടാകട്ടെ ഏതു പ്രതിസന്ധിയിലും പ്രതികൂല സാഹചര്യങ്ങളിലും കാതങ്ങൾക്കപ്പുറം കാത്തിരിയ്ക്കുന്ന കരുണ്യവാനായ ഒരു തമ്പുരാനുണ്ടെന്ന ബോധ്യം എല്ലാ യുവാക്കളെയും നയിക്കട്ടെ. ആഴമേറിയ വിശ്വാസവും ദൃഢമായ പ്രത്യാശയും ഹൃദയം നിറഞ്ഞ സ്നേഹവും നിങ്ങളിൽ വസിക്കുവാൻ സ്ഥിരോത്സാഹത്തോടെ ഓരോ വ്യക്തിയും തീഷ്ണമായി പരിശ്രമിയ്ക്കണം. പ്രാർത്ഥനയ്ക്കും പ്രവർത്തനത്തിനും തുല്യമായ പ്രാധാന്യം നൽകി ഈ വിശ്വാസ സമൂഹത്തിന് ശോഭയേറിയ സാന്നിദ്ധ്യമായി നിങ്ങൾ തീരുന്നു. യുവാക്കളുടെ ജീവിതം അനുഗ്രഹപ്രദമാകുവാൻ മുതിർന്നവരുടെ സഹകരണം അനിവാര്യമാണെന്നകാര്യം സാന്ദർഭികമായി ഓർമ്മപ്പെടുത്തട്ടെ. **പ്രാർത്ഥന** - അത് അനന്തമായ ശക്തിയാണ്. **ദൈവാശ്രയം** - പ്രതിസന്ധികളെ തരണം ചെയ്യുവാനുള്ള കഴിവ് നൽകും **പഠനം** - ദൈവീക ജ്ഞാനവും ഭൗമീക ജ്ഞാനവും നിങ്ങളെ സമാഗതയുള്ള വ്യക്തികളാക്കും. **പ്രവർത്തനം**- ഉപവിയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിശ്രമങ്ങൾ ആത്യന്തികമായ സന്തോഷം നൽകും. **വിശ്രമം – വിനോദം**- ഉന്മേഷമുള്ള വ്യക്തികളാകും അതിനായി SMYM ഡബ്ലിൻ നല്ലൊരു വേദിയാകട്ടെ എന്നാശംസിക്കുന്നു..

# ദൈവവിശ്വാസത്തിന്റെ ആഴമേറിയ സത്യങ്ങൾ പരിചയപ്പെടുത്തുകയാണ് വിശ്വാസപരിശീലനത്തിന്റെ വലിയൊരു ശ്രമം




"എല്ലാ അറിവിനെയും അതിശയിപ്പിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം സ്വന്തമാക്കുക" ഇതാണ് വിശ്വാസ പരിശീലനത്തിന്റെ ലക്ഷ്യം "To know Jesus Clearly, love Jesus Dearly and to follow Jesus Nearly"എന്നൊരു ചൊല്ലുണ്ട്. വിശ്വാസപരിശീലനം വഴിയായി യേശുവിനെ അടുത്തനുകരിക്കുവാൻ എല്ലാ മക്കൾക്കും സാധിക്കട്ടെ സുവിശേഷത്തിലെ ഈശോയെ അടുത്തറിയുക വിശ്വാസ പരിശീലനത്തിന്റെ ലക്ഷ്യമാണ്. ദൈവവിശ്വാസത്തിന്റെ ആഴമേറിയ സത്യങ്ങൾ പരിചയപ്പെടുത്തുകയാണ് വിശ്വാസപരിശീലനത്തിന്റെ വലിയൊരു ശ്രമം. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് കൂടിയ പരി.ത്രിത്വം, പെസഹാരഹസ്യം, മനുഷ്യജീവിതത്തിന്റെ ലക്ഷ്യം, അവൻ അനുഷ്ഠിക്കേണ്ട ധർമ്മിക പ്രവർത്തികൾ; അവൻ വിശ്വസിക്കുന്ന സഭ ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള വിശിഷ്ടമായ ചിന്തകളാണ് വിശ്വാസ പരിശീലനത്തിലൂടെ ഓരോ വ്യക്തിയും സ്വായത്തമാക്കുന്നത്. മാതാപിതാക്കളാണ് ആദ്യത്തെ മതാദ്ധ്യാപകർ. അവരുടെ പ്രാർത്ഥിക്കുന്ന വിശ്വാസവും (Praying faith) ജീവിക്കുന്ന വിശ്വാസവും (Living faith) കണ്ടുകൊണ്ടാണ് ഓരോ വ്യക്തിയും വിശ്വാസത്തിൽ ആദ്യം വളരുന്നത്. വിശ്വാസ പരിശീലകർ വേദോപദേശത്തിലൂടെ വിശ്വാസ സത്യങ്ങളെ വ്യക്തമാക്കികൊടുക്കുന്നു. വിശ്വാസപരിശീലകരുടെ മാതൃകാപരമായ ജീവിതം വിശ്വാസ പരിശീലനം ലഭിക്കുന്ന മക്കളെ ഏറെ സ്വാധീനിക്കുന്നു. ആഘോഷിക്കുന്ന വിശ്വാസം അനുദിന വിശ്വാസ ജീവിതത്തിന് അനിവാര്യമായ ഒന്നാണ്. ദൈവീകരഹസ്യങ്ങളിൽ ഉള്ള ആഴമായ പങ്കുചേരൽ മനുഷ്യ ഹൃദയങ്ങളെ അഗാധമായി സ്വാധീനിക്കുന്നു. പീഠത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ദീപങ്ങളാണ് വിശ്വാസപരിശീലകർ. ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ ജീവിതം കൊണ്ട് കാണിച്ചുകൊടുക്കേണ്ടവരാണ് സഭയിൽ മതാദ്ധ്യാപകർ ധാർമ്മീകതയിലും വിശുദ്ധിയിലും അവർ കുലീനമാർന്ന സാന്നിദ്ധ്യമാകണം. മാതാപിതാക്കന്മാരുടെയും മാതാദ്ധ്യാപകരുടെയും അവരെ ശുശ്രൂഷിക്കുന്ന, നയിക്കുന്ന വൈദികരുടെയും കൂട്ടുത്തരവാദിത്വമാണ് വിശ്വാസപരിശീലനം. നമ്മുടെ കുഞ്ഞുമക്കൾ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ പ്രീതിയിൽ വളർന്നു വരുവാൻ ഇടവരട്ടെയെന്ന് പ്രാർത്ഥിക്കാം, പ്രത്യാശിക്കാം.






# കാണികൾക്ക് ആദ്ധ്യാത്മിക ചൈതന്യവും ത്രസിപ്പിക്കുന്ന സംഗീതവും പകർന്നു നൽകി റെക്സ് ബാൻഡ്

ശബ്ദസാന്നിധ്യത്തിനൊപ്പം സംഗീതോപകരണങ്ങളിൽ നിന്നുള്ള ഇതുവരെ കാണാത്ത താള ലയങ്ങളുമൊരുക്കി കലാകാരന്മാർ വേദിയിൽ നിറഞ്ഞപ്പോൾ കാണികൾ ആവേശത്തിന്റെ കൊടുമുടി കയറി. ലളിതവും സുന്ദരവുമായി ഇംഗ്ലീഷ്, മലയാളം, ഹിന്ദി ഭാഷകളിലുള്ള ആത്മീയ ഗീതങ്ങൾ പാടിക്കൊണ്ടാണ് അയർലണ്ടിലെ ജനതയുടെ മനസ്സിൽ കുടിയേറിയത്. ബാൻഡിൽ ഗായകരും, നർത്തകരും ഉപകരണ സംഗീതജ്ഞരുമായി പതിനഞ്ചോളം പേർ അണി നിരന്നു.സ്നേഹ സങ്കീർത്തനം പോലെ ഉയർന്ന പ്രാർഥനാ മന്ത്രങ്ങളും സ്തുതി ഗീതങ്ങളും ജനസഹസ്രങ്ങൾ ഏറ്റു ചൊല്ലി.അക്ഷരാർഥത്തിൽ എന്റർടെയ്മെന്റിനപ്പുറത്ത് ആത്മാവിനെ സ്പർശിച്ച മനോഹര വേളയായി ഡബ്ലിനിലെ റെക്സ് ബാൻഡ് ഷോ . സംഗീതത്തിനൊപ്പം വ്യക്തിപരമായ ദൈവീകാനുഭവങ്ങളും പ്രാർഥനാ ജീവിതവും കലാകാരന്മാർ പങ്കുവെച്ചു. യേശുവിന്റെ യുവാക്കൾ, ക്രിസ്തുരാജന്റെ പാട്ടുമായി ഡബ്ലിൻ നഗരത്തെ പുളകമണിയിച്ച സായാഹ്നങ്ങൾ ഒരിക്കലും ആർക്കും മറക്കാൻ കഴിയില്ലാത്തവിധം മനോജ്ഞമായിരുന്നു. അയർലണ്ടിലെ അനുഗ്രഹീത കലാകാരനായ ബിനു കെ.പി യും റെക്സ് ബാൻഡിൽ അംഗമാണ്.

ഡബ്ലിൻ സീറോ മലബാർ സഭ വേൾഡ് മീറ്റിംഗ് ഓഫ് ഫാമിലീസ് ആഘോഷിച്ചത് റെക്സ് ബാൻഡിനൊപ്പമാണ്. ആഗസ്റ്റ് 24 വെള്ളിയാഴ്ച്ച വൈകിട്ട് 6 മണി മുതൽ രാത്രി 8.30 വരെ താല ബാസ്കറ്റ് ബോൾ അരീനയിൽ വച്ചായിരുന്നു റെക്സ് ബാൻഡ് സ്പിരിച്ച്വൽ മ്യൂസിക്കൽ ഈവിനിംഗ് അണിയിച്ചൊരുക്കിയത്.

ഡബ്ലിൻ അതിരൂപതയുടെ പ്രത്യേക ക്ഷണപ്രകാരമാണ് റെക്സ് ബാൻഡ് അയർലണ്ടിൽ എത്തിയത്. ലോക കുടുംബ സംഗമത്തിനായി ഏഷ്യയിൽ നിന്ന് ക്ഷണിക്കപ്പെട്ട ഏക ബാൻഡാണ് റെക്സ് ബാൻഡ്. റെക്സ് ബാൻഡ് ഷോയിലൂടെ സമാഹരിച്ച തുക കേരളത്തിലെ പ്രളയ ദുരിതാശ്വാസത്തിനായി നീക്കിവച്ചു.



# ലോക രക്ഷകന്റെ ജീവത്യാഗത്തിന്റെ സ്മരണ പുതുക്കി







സീറോ മലബാർ സഭയുടെ ആഭിമുഖ്യത്തിൽ ബ്ലാഞ്ചാർഡ്സ്ടൗൺ ഫിബ്ബിൾസ്ടൗൺ കമ്മ്യൂണിറ്റി സെന്ററിൽ നടത്തപ്പെട്ട വചന പ്രഘോഷണ ശുശ്രൂഷ സീറോ മലബാർ സഭ യൂറോപ്പ് അപ്പസ്റ്റോലിക് വിസിറ്റേറ്റർ ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത് ഉദ്ഘാടനം ചെയ്തു. മൂന്നു ദിവസം നീണ്ടു നിന്ന ധ്യാനത്തിന് സീറോ മലബാർ സഭ യൂറോപ്പ് അപ്പസ്റ്റോലിക് വിസിറ്റേറ്റർ ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത്, ഫാ. ബിനോജ് മുളവരിക്കൽ (Youth Coordinator, Apostolic Visitation, Europe), ഫാ. ബിജു മുട്ടത്തുകുന്നേൽ (Assistant to the Procurator, Syro Malabar Procura, Rome) എന്നിവർ ആണ് നേതൃത്വം നൽകിയത്. വചന പ്രഘോഷണ ശുശ്രൂഷയിലും പീഡാനുഭവത്തിന്റെ അനുസ്മരണത്തിലും നൂറുകണിക്കിന് വിശ്വാസികളാണ് എത്തിച്ചേർന്നത്.

ക്രിസ്തുവിന്റെ അന്ത്യ അത്താഴത്തിന്റെയും വിശുദ്ധ കുർബാന സ്ഥാപിച്ചതിന്റെയും സ്മരണ പുതുക്കി ഡബ്ലിനിലെ സീറോ മലബാർ സഭ പെസഹാ ആചരിച്ചു. ശിഷ്യന്മാരുടെ കാലുകൾ കഴുകി വിനയത്തിന്റെ മാതൃകയായ രക്ഷകന്റെ സ്മൃതിയിൽ കാൽകഴുകൽ ശുശ്രൂഷ നടന്നു. മാനവവംശത്തിന്റെ പാപമോചനത്തിനായി കുരിശുമരണം വരിച്ച യേശുവിന്റെ മഹാത്യാഗത്തിന്റെ ഓർമകൾ പുതുക്കി. ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ദിനമായ ദുഃഖവെള്ളിയാഴ്ച യേശുക്രിസ്തുവിന്റെ പീഡാനുഭവ ചരിത്രവും കുരിശിന്റെ വഴിയും നടത്തപ്പെട്ടു.





## ഡബ്ലിൻ സീറോ മലബാർ സഭയുടെ 'കാത്തലിക് സിറ്റി യൂത്ത് മൂവ്മെന്റിന്' തുടക്കം കുറിച്ചു

ഡബ്ലിൻ സീറോ മലബാർ സഭയുടെ നേതൃത്വത്തിലുള്ള കാത്തലിക് സിറ്റി യൂത്ത് മൂവ്മെന്റ് സംഘടിപ്പിച്ച WAY (Welcome All Youth) ഏപ്രിൽ 7 ശനിയാഴ്ച്ച ഫിബ്സ്ബോറോ സ്കൗട്ട് ഹാളിൽ വച്ച് സീറോ മലബാർ സഭ ചാപ്ലൈൻസ് ഫാ. ജോസ് ഭരണികുളങ്ങര, ഫാ. ആന്റണി ചീരംവേലിൽ MST, ഫാ. ക്ലമന്റ് പാടത്തിപ്പറമ്പിൽ, പ്രോഗ്രാം കോർഡിനേറ്റേഴ്സ് ജിമ്മി ആന്റണി, ജോബി ജോൺ, സീറോ മലബാർ സഭ സെക്രട്ടറി ജോൺസൺ ചക്കാലയ്ക്കൽ, ട്രസ്റ്റി ടിബി മാത്യു , പങ്കെടുത്ത യുവതി- യുവാക്കൾ എന്നിവർ ചേർന്ന് തിരികൊളുത്തി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ബിനു കെ. പി നയിച്ച ക്ലാസ് പങ്കെടുത്തവർക്ക് ഒരു നവ്യ അനുഭവമായി. വിവിധ ഗ്രൂപ്പുകൾ ആയി തിരിച്ച് യുവജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അവയ്ക്കുള്ള പരിഹാര മാർഗങ്ങൾ, ഭാവി പരിപാടികൾ എന്നിവ ചർച്ച ചെയ്യപ്പെട്ടു. ഇന്ത്യയിൽ നിന്നും പഠനത്തിനായോ ജോലിക്കായോ അയർലണ്ടിലെത്തിയിട്ടുള്ള അവിവാഹിതരായിട്ടുള്ള യുവതി - യുവാക്കൾക്ക് വേണ്ടിയാണ് സംഗമം സംഘടിപ്പിച്ചത്. ഉച്ചകഴിഞ്ഞ് 3ന് ആരംഭിച്ച സംഗമം സ്നേഹവിരുന്നോടു കൂടെ വൈകിട്ട് 8 ന് അവസാനിച്ചു. സ്വന്തം നാട്ടിൽ നിന്നും മാറി അന്യദേശത്തു ഒറ്റപ്പെട്ടുകഴിയുന്ന യുവജനങ്ങൾക്കു വേണ്ടി പ്രോഗ്രാം സംഘടിപ്പിച്ചതിന് യുവജനങ്ങൾ നന്ദി അറിയിച്ചു.



# ദൈവസ്നേഹം അടുത്തറിഞ്ഞ ക്രിസ്റ്റീൻ ധ്യാനം

ദൈവാശ്രയ ബോധത്തോടെ സഭയിലും സമൂഹത്തിലും കുടുംബത്തിലും വളരുവാനും യേശുവിനെ അടുത്തറിയുവാനും നമ്മുടെ സംസ്കാരവും പാരമ്പര്യവും വിശ്വാസ ചൈതന്യവും പകർന്ന് നൽകുവാനും വേണ്ടി കുട്ടികൾക്ക് 3 ദിവസം മുഴുവൻ നീണ്ട നിൽക്കുന്ന ക്രിസ്റ്റീൻ ധ്യാനം സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ സഹായ മെത്രാൻ ബിഷപ്പ് തോമസ് തറയിൽ ധ്യാനം ഉദ്ഘാടനം ചെയ്തു. 4 വിഭാഗങ്ങളിലായി നടത്തിയ ധ്യാനത്തിൽ 450ൽ പരം കുട്ടികൾ പങ്കെടുത്തു. ക്രിസ്റ്റീൻ ധ്യാനം വൻ വിജയമാക്കുവാൻ സഹായിച്ച സീറോ മലബാർ യൂത്ത് മൂവ്മെന്റ് അംഗങ്ങൾക്ക് പ്രത്യേകം നന്ദി.









ഡബ്ലിൻ സീറോ മലബാർ സഭയിൽ

**ആദ്യവെള്ളി ആചരണം**



ആരാധന, വി.കുർബ്ബാന, നൊവേന, ജപമാല, കുമ്പസാരം, ഒപ്പീസ്

**ST. MARTIN DE PORRES CHURCH,**
AYLESBURY, TALLAGHT

**വൈകുന്നേരം 6.00 മുതൽ 8.30 വരെ**



## വിശുദ്ധ അന്തോണിസിന്റെ തിരുനാൾ ആഘോഷിച്ചു

ഡബ്ലിൻ സീറോ മലബാർ സഭയിൽ അത്ഭുത പ്രവർത്തകനായ വിശുദ്ധ അന്തോണിസിന്റെ തിരുനാൾ "പാദുവീയം 2018" ജൂൺ 13 ബുധനാഴ്ച്ച ബുമോണ്ട് ചർച്ച് ഓഫ് ദി നേറ്റിവിറ്റി ഓഫ് ഔർ ലോർഡ് ദേവാലയത്തിൽ വച്ച് ആഘോഷപൂർവം കൊണ്ടാടി.

വൈകിട്ട് 5.00 ന് ജപമാലയോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് 5.30 ന് മോൺ. ആന്റണി പെരുമായന്റെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷമായ തിരുനാൾ കുർബാനയും ഫാ. ആന്റണി ചീരംവേലിൽ MST യുടെ നേതൃത്വത്തിൽ ലദീഞ്ഞും നടത്തപ്പെട്ടു. ഫാ.ക്ലമന്റ് പാടത്തിപ്പറമ്പിൽ തിരുനാൾ സന്ദേശം നൽകി. നമ്മുടെ ആരാധന സമൂഹത്തിലെ എല്ലാ ആന്റണി, ആന്റോ നാമധാരികളെയും പരീക്ഷ എഴുതുന്ന എല്ലാ കുട്ടികളെയും സമർപ്പിച്ചു പ്രാർത്ഥനയും നടത്തി.



## വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ ആചരിച്ചു

ഡബ്ലിൻ ഡബ്ലിൻ സീറോ മലബാർ സഭയിൽ സാർവത്രിക സഭയുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ 'സാദരം - 2018' മാർച്ച് 19 തിങ്കളാഴ്ച്ച താല സ്പ്രിങ്ഫീൽഡ് സെന്റ് മാർക്സ് ദേവാലയത്തിൽ വച്ച് ഭക്ത്യാദരപൂർവ്വം കൊണ്ടാടി. ഉച്ച കഴിഞ്ഞ് 2.30 ന് ഗാനശുശ്രൂഷയോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് 3.00ന് ഫാ. ക്ലമന്റ് പടത്തിപ്പറമ്പിൽ നയിച്ച വചന ശുശ്രൂഷ, 4.00 ന് ഫാ. ആന്റണി ചീരംവേലിയുടെ നേതൃത്വത്തിൽ കുടുംബനാഥന്മാരെ ആദരിക്കൽ, ലദീഞ്ഞ് തുടർന്ന് ഫാ. ജോസ് ഭരണികുളങ്ങരയുടെ മുഖ്യകാർമ്മികത്വത്തിൽ നൊവേന, വിശുദ്ധ കുർബാന, കുടുംബങ്ങളെ സമർപ്പിച്ച ആശീർവാദ പ്രാർത്ഥന, സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരുന്നു. കുടുംബനാഥന്മാർക്കു വേണ്ടിയുള്ള സീറോ മലബാർ സഭയുടെ ഔദ്യോഗിക സംഘടനയായ പിതൃവേദിയുടെ ഉദ്ഘാടനവും തിരുന്നാളിനോടനുബന്ധിച്ചു നടത്തപ്പെട്ടു.



## മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ

പരിശുദ്ധ ദൈവമാതാവ് ആത്മശരീരത്തോടെ സ്വർഗ്ഗത്തിലേക്ക് കരയേറ്റപ്പെട്ടതിനെ അനുസ്മരിച്ച് മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ഓഗസ്റ്റ് 15ന് ഫിൻഗ്ലാസ്സ് St. Canice's പള്ളിയിൽ വച്ച് ഭക്ത്യാദരപൂർവ്വം കൊണ്ടാടി. ഫാ. ആന്റണി നല്ലുകുന്നേൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ആഘോഷമായ തിരുനാൾ പാട്ടുകുർബാനയും, പ.കന്യകാമറിയത്തിന്റെ തിരുസ്വരൂപം വഹിച്ചു കൊണ്ടുള്ള പ്രദക്ഷിണവും,ലദീഞ്ഞും, തിരുനാൾ നേർച്ചയും ആഘോഷങ്ങൾക്ക് കൊഴുപ്പേകി. നമ്മുടെ ആരാധന സമൂഹത്തിലെ എല്ലാ മേരി നാമധാരികളെയും സമർപ്പിച്ചു പ്രാർത്ഥിച്ചു.



## ദുക്റാന തിരുനാൾ

സീറോ മലബാർ സഭയിൽ ജൂലൈ 3ന് വൈകിട്ട് 6 മണിക്ക് വി.തോമാശ്ളീഹായുടെ (ദുക്റാന) തിരുനാൾ ബ്ലാക്റോക്ക് ഗാർഡിയൻ ഏഞ്ചൽസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. തോമാശ്ലീഹായുടെ തിരുസ്വരൂപം വഹിച്ചുകൊുള്ള പ്രദക്ഷിണവും,ലദീഞ്ഞും, തിരുനാൾ നേർച്ചയും ഉണ്ടായിരുന്നു. ഫാ. ജോസഫ് വെള്ളനാൽ, ഫാ.ജോസ് ഭരണികുളങ്ങര, ഫാ. ക്ലമന്റ് പാടത്തിപ്പറമ്പിൽ എന്നിവർ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.



## ബ്രെ ഹെഡിലേയ്ക് കുരിശിന്റെ വഴി

മാർച്ച് 23 നാൽപതാം വെള്ളിയാഴ്ച ബ്രെ ഹെഡിലേയ്ക് കുരിശിന്റെ വഴി നടത്തി . ഉച്ചകഴിഞ്ഞ് 3 മണിക്ക് ബ്രേ ഹെഡ് കാർ പാർക്കിൽനിന്ന് ആരംഭിച്ച കുരിശിന്റെ വഴിയിൽ ഗാഗുൽത്താമലയിലേയ്ക്ക് കുരിശുവഹിച്ചു കയറിയ യേശുവിന്റെ പീഠാനുഭവത്തെ ധ്യാനിച്ചുകൊണ്ട് കുരിശിന്റവഴിയിൽ വിശ്വാസികൾ പങ്കെടുത്തു. കുരിശിന്റെ വഴിക്കു ശേഷം വൈകിട്ട് 5 മുതൽ 7 വരെ ബ്രെ സെന്റ് ഫെർഗൽസ് പള്ളിയിയിൽ വച്ച് ആരാധന, ജപമാല , വിശുദ്ധ കുർബാന എന്നിവ ഉണ്ടായിരുന്നു . ഫാ. ജോസ് ഭരണികുളങ്ങര, ഫാ. ആന്റണി ചീരംവേലിൽ, ഫാ. ക്ലമന്റ് പാടത്തുപറമ്പിൽ എന്നിവർ നേതൃത്വം നൽകി .

# 'ആത്മീയം'
## നോമ്പുകാല ഒരുക്ക ധ്യാനം നവ്യാനുഭവമായി





ഡബ്ലിൻ സീറോ മലബാർ സഭ കുട്ടികൾക്കായി ഒരുക്കിയ നോമ്പു കാല ധ്യാനം 'ആത്മീയം' ഫെബ്രുവരി 15, 16 തീയതികളിൽ താല സെന്റ് ആൻസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു.
പാട്ടും പ്രാർത്ഥനയും
വിചിന്തനവും കുമ്പസാരവും കുർബാനയും എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് നോമ്പുകാലം വിശുദ്ധിയിൽ ജീവിക്കാൻ കുട്ടികളെ ഒരുക്കിയ ധ്യാനം ഒരു നവ്യാനുഭവമായി.

ഫെബ്രുവരി 15 വ്യാഴാഴ്ച്ച രാവിലെ 9.30 മുതൽ വൈകിട്ട് 4 വരെ രണ്ടാം ക്ലാസ് മുതൽ ആറാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും ഫെബ്രുവരി 16 വെള്ളിയാഴ്ച്ച രാവിലെ 9.30 മുതൽ വൈകിട്ട് 4 വരെ ഏഴാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കാണ് ധ്യാനം ഒരുക്കിയത് ഡബ്ലിൻ സീറോ മലബാർ സഭ ചാപ്ലയിൻ ഫാ.ക്ലമന്റ് പാടത്തിപ്പറമ്പിലാണ് ധ്യാനം നയിച്ചത്

# കുട്ടികളുടെ ധ്യാനം 'MAR WALAH'



ഡബ്ലിൻ സീറോ മലബാർ സഭയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി വിശ്വാസ പരിശീലന ധ്യാനം 'MAR WALAH' ജൂലൈ 2, 3 തീയതികളിൽ ബ്ലാക്ക്റോക്ക് ഗാർഡിയൻ ഏഞ്ചൽസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

ജൂലൈ 2 തിങ്കളാഴ്ച്ച ഉച്ചക്ക് 1.30 മുതൽ വൈകിട്ട് 8 വരെ മൂന്നാം ക്ലാസ് മുതൽ ആറാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും ജൂലൈ 3 ചൊവ്വാഴ്ച്ച ഉച്ചക്ക് 1.30 മുതൽ വൈകിട്ട് 8 വരെ ഏഴാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കുമാണ് ധ്യാനം ഒരുക്കിയത്.

# അൾത്താരബാലസഖ്യം



കുട്ടികൾക്ക് ദേവാലയത്തോടും ദൈവീകകാര്യങ്ങളോടും ചേർന്നു നിൽക്കുന്നതിനും അനുഗ്രഹത്തിന് കാരണമാകും വിധം ചെറുപ്പത്തിൽ തന്നെ വിശുദ്ധ കുർബാനയോട് ഭക്തിയും തീക്ഷ്ണതയും ജനിപ്പിക്കുവാനും വേണ്ടി അവരെ വിശുദ്ധ കുർബാനയ്ക്ക് പരിശീലിപ്പിക്കുന്ന ഓൾട്ടർ സെർവേഴ്സ് ട്രെയിനിങ് പ്രോഗ്രാം വിവിധ മാസ്സ് സെന്ററുകളിൽ തുടക്കം കുറിച്ചു.

# 'ഫിഡെസ്' ' ക്യാമ്പ്



കളിയും ചിരിയും പാട്ടും പ്രാർത്ഥനയും വിചിന്തനവും എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് വിശുദ്ധിയിൽ ജീവിക്കാൻ കുട്ടികളെ ഒരുക്കുന്ന ഫിഡെസ് ക്യാമ്പ് വിവിധ മാസ്സ് സെന്ററുകളിൽ നടന്നു വരുന്നു. ഫാ. രാജേഷ് മേച്ചിറാകത്ത്, ഫാ.ക്ലെമെന്റ് പാടത്തിപ്പറമ്പിൽ എന്നിവരാണ് ക്യാമ്പ് നയിക്കുന്നത്.

# NUOVA AMICIZIA 2018



യുവജനങ്ങൾക്കായി നേതൃത്വ പരിശീലനക്യാമ്പും സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും വിവിധ ഇടവകകളിൽ നടന്നു വരുന്നു

# EMMAUS



യൂത്ത് ഇഗ്നിറ്റിന്റെ നേതൃത്വത്തിൽ മൾട്ടിഫെർണാമിലേയ്ക്ക് ജേർണി ഓഫ് ഫെയ്ത് ( EMMAUS) യാത്ര നടത്തി. വിവിധ മാസ്സ് സെന്ററുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 50 യുവജങ്ങങ്ങളാണ് ഒരു ദിവസം മുഴുവൻ നീണ്ടുനിന്ന യാത്രയിൽ ഉണ്ടായിരുന്നത്.



# Smile

## (SYRO MALABAR INCLUSIVE LIVING EXPERIENCE)

*Forum of Children with special needs and Families*



PATRONESS
**OUR LADY OF KNOCK**



**POPE FRANCIS ON DISABILITY**
"LOVE AND SOLIDARITY ARE WHAT MAKE THE WORLD A BETTER PLACE, NOT A FOCUS ON PHYSICAL PERFECTION AND HIDING AWAY THOSE WHO DO NOT FIT A COMMERCIAL IDEAL"

### SMILE PROGRAMME

SMILE programme of Syro Malabar Catholic Church in Ireland aims to develop locally acceptable and feasible inclusive disability friendly programmes which enable children and families affected with various forms of disabilities to lead a quality life, enjoying all church and social activities in its fullest. This also aims to foster mutually enabling practical support among families and church.

ST.MARK-9:37
"Whoever welcomes one of these little children in my name welcomes me; and whoever welcomes me does not welcome me but the one who sent me."

### MISSION STATEMENT

SMILE's mission is to develop locally acceptable inclusive programmes for enabling children and their families with differential abilities to be a part of main stream church and social activities and thereby enhancing their quality of life. This also aims to create a feeling of being valued in our own community.

SMILE also stands for symbiotic support and devising programmes for socialisation and adapted liturgical services which enable children with differential abilities and their families participate.

### WHY SMILE

According to the Census of Ireland 2016, there were a total of 643,131 people who stated they had a disability, accounting for 13.5 per cent of the population. This represented an increase of 47,796 persons (8%) on the 2011 figure of 595,335. In 2016, 311,580 (48.4%) persons with a disability were male while 331,551 (51.6%) were.female.
* (Statistics from Central Statistics Office website- www.cso.ie.)
Above figures are indicative of developing policy and programmes for social inclusion in Syro Malabar Catholic Church Ireland.

### SMILE - SHORT TERM PLANS

- An audit of dimension of various forms of disabilityin SMC Ireland
- Formulation of Local SMILE Groups in individualMass Centers
- Offering opportunity for volunteering.
- Contacting joined /willing to join families by SMC Chaplains in confidence.
- Devising local Mass Centre specific programmes of inclusion
- Appointing Key Persons.

### SMILE - PROPOSED ACTIVITIES

- Structured special prayer groups for special children and their families.
- Awareness programmes on Social Inclusion among SMC members. (Disability is not a curse).
- Educational programmes for parents of children wi th special needs- regarding entitlements, seeking supports when required, importance of self care, social outings etc.
- Creation of mutual support groups- inter and intra-mass centers.
- Advocacy and individual sharing services for pare nts.

### SMILE - LITURGICAL INCLUSION

Special mass for children with special needs and their families, special confession services for both children and parents, special training for solemn reception of first Holy Communion, special catechism classes, special training for teachers in catechism, special catechism rewarding structure for children, special short Adoration sessions, use of audio visual aids for effective teaching of children with special needs.

**CONTACTS**
REV. DR. **CLEMENT** PADATHIPARAMBIL- 0894927755
REV. FR. **RAJESH** JOSEPH - 089 444 2688
REV. FR. **ROY** VATTAKKATTU - 089 459 0705
**PROJECT CO- ORDINATORS**
**BINU** ANTONY - 0876929846
**JINCY** JERRY - 0876743044
**JOY** THOMAS - 0879345514

# ചാരിറ്റി പ്രവർത്തനങ്ങൾ



## പ്രളയ ദുരന്ത സഹായം

പ്രളയം ദുരന്തം ബാധിച്ച വിവിധ മേഖലകളിൽ ഡബ്ലിൻ സീറോ മലബാർ സഭ 41,79,270 രൂപയുടെ ധന സഹായം നൽകി.

## അടിയന്തര സാമ്പത്തിക സഹായങ്ങൾ

അടിയന്തര സാമ്പത്തിക സഹായം അർഹിക്കുന്ന കേരളത്തിലെ നമ്മുടെ സഹോദരങ്ങളെ സഹായിക്കാനായി തുടങ്ങിയ ചാരിറ്റിഫണ്ടിൽ നിന്നും 2017 - 18 പ്രവർത്തന വർഷത്തിൽ 18,845 യൂറോ നൽകി.

## ഓഖി ദുരന്തം

ഡബ്ലിൻ സീറോ മലബാർ സഭ ഓഖി ദുരന്തത്തിൽ കഷ്ടത അനുഭവിച്ച തക്കല രൂപതയ്ക്ക് 6,900 യൂറോ സഹായ ഹസ്തം കൈമാറി.

## മരണാനന്തരസഹായനിധി

പെട്ടെന്നുള്ള മരണം മൂലം വേദന അനുഭവിക്കുന്നവരുടെ പ്രിയപ്പെട്ടവരെ അടിയന്തരഘട്ടങ്ങളിൽ സഹായിക്കാനായി 2011 ൽ ആരംഭിച്ച മരണാനന്തരസഹായനിധിയിൽ നിന്നും ഇതുവരെ 18 കുടുംബങ്ങൾക്കായി 70,348 യൂറോയുടെ സഹായം നൽകി.

## പാരിഷ് മാനേജ്മെന്റ് സിസ്റ്റം (PMS)

ഡബ്ലിൻ സീറോ മലബാർ സഭയുടെ പ്രവർത്തങ്ങൾ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഏറ്റവും സുഗമമാക്കുവാനും രേഖകൾ സൂഷിക്കുന്നതിനുമായി പാരിഷ് മാനേജ്മെന്റ് സിസ്റ്റം (PMS) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നു. സീറോ മലബാർ സഭ സംഘടിപ്പിക്കുന്ന പരിപാടികളുടെ രജിസ്ട്രേഷനുകൾ തുടങ്ങിയവ ഏറ്റവും എളുപ്പത്തിൽ ചെയ്യുവാനും PMS ഉപകാരപ്പെടുന്നു. ഡബ്ലിനിലെ എല്ലാ സീറോ മലബാർ സഭ കുടുംബങ്ങൾക്കും സഭയുടെ വെബ്സൈറ്റ് വഴി ഈ പ്രയോജനം ലഭിക്കുന്നു.



**ഡബ്ലിൻ സീറോ മലബാർ സഭയുടെ 2019 വർഷത്തെ കലണ്ടർ പുറത്തിറക്കി**

2019 വർഷത്തെ പരിപാടികളുടെ വിവരങ്ങളും വിശുദ്ധ കുർബാനയുടെ വായനകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള 6 പേജ് കലണ്ടർ ആണ് പുറത്തിറക്കിയത്. കലണ്ടർ ലഭിക്കാത്തവർക്ക് അതാത് മാസ്സ് സെന്റർ ഭാരവാഹികളിൽ നിന്നും ലഭ്യമാണ്.

BEAUMONT | BLANCHARDSTOWN | BRAY | INCHICORE
LUCAN | PHIBSBOROUGH | ST.JOSEPH'S | SWORDS | TALLAGHT

✓HOLY QURBANA ✓CATECHISM CLASSES ✓THIRUSANNIDIYIL

**PIOUS ASSOCIATIONS**

✓THIRUBALASAKYAM ✓ALTHARABALASAKYAM ✓CML ✓SMYM ✓PITHRUVEDI ✓MATHRUVEDI

**SERVICES:** ✓CHARITIES ✓MARANANANDARA SAHAYAM **(MSN)** ✓CITY CATHOLIC YOUTH MOVEMENT **(WAY)** ✓FORUM OF CHILDREN WITH SPECIAL NEEDS AND FAMILIES **(SMILE)** ✓MARRIAGE PREPARATION COURSE **(ORUKKAM)**

BEST AIR FARES WORLDWIDE...

SEND MONEY TO **INDIA** FOR €**4.50**

CONFIDENT
TRAVEL LIMITED

**PH: +353 1 4040606 / +353 862 363130**

www.confidenttravel.ie Unit 5, Tuansgate, Belgard Square East, Tallaght, Dublin 24

We assist all Indian Embassy Consular Services





Spice BAZAAR

Feel at home

**TALLAGHT / SWORDS / PHIBSBORO**

KUMON®

**Drumcondra** Kumon Study Centre

The Kumon **Maths and English** study programmes enable students of all ages and abilities to achieve. Our aim is for each and every child to become an independent, advanced learner, with a positive attitude to study

**For more details please contact:**


**CAROL** WOODS: **085 8122292** drumcondra@kumoncentre.ie

nandiyode



നന്ദിയോടെ...

"Virtre itands in the middle" പുണ്യം എന്നത് ഒന്നിന്റെയും തീവ്രതയിൽ പോകാതെ എല്ലാ കാര്യങ്ങളെയും സമഞ്ജസമായി സമ്മേളിപ്പിക്കാൻ സമഗ്രതയിൽ കൊണ്ടുപോകുവാൻ കഴിവുള്ള ശീലശുദ്ധിയെയാണ് സൂചിപ്പിക്കുന്നത്. "Avoiding the extremes" അഞ്ചര വർഷകാലം ഡബ്ലിൻ സീറോ മലബാർ വിശാസ സമൂഹത്തെ തന്റെ സ്വയസിദ്ധമായ നയം കൊണ്ടും മയം കൊണ്ടും മനോഹരമായി നയിച്ച നല്ലൊരു അജപാലകനാണ് ജോസച്ചൻ. ഭക്തി നിർഭരമായ വിശുദ്ധബലിയിലൂടെ, വചനസന്ദേശങ്ങളിലൂടെ, പ്രാർത്ഥനയ്ക്കും, കൂട്ടായ്മയ്ക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കുടുംബസമ്മേളനങ്ങളിലൂടെ, മറ്റുള്ളവരുടെ വേദനകളിൽ വേവലാതികളിൽ വേഗം ഓടിയെത്തുന്ന നല്ലൊരു ഇടയനായി, അദ്ദേഹം നമ്മുടെ ഹൃദയങ്ങളിൽ അക്ഷയമായ സ്ഥാനം പിടിച്ചുകഴിഞ്ഞു. ഈ വിശ്വാസ സമൂഹത്തിന്റെ നിർണ്ണായക സാഹചര്യങ്ങളിലൊക്കെ യഥാർത്ഥ ദിശാബോധം നൽകി നയിക്കുവാൻ അച്ചന് സാധിച്ചു എന്നുള്ളത് അവിതർക്കിതമായ കാര്യമാണ്. ഗോൾവേയിലെ അച്ചന്റെ സാന്നിദ്ധ്യം ഏവർക്കും സന്തോഷവും സമാധാനവും പകരട്ടെ എന്നാശംസിക്കുന്നു.



നന്ദിയോടെ...

സഭ സ്വഭാവേന പ്രേഷിതയാണ്. ഈ ചൈതന്യം നെഞ്ചിലേറ്റി ആത്മീയ പിതൃത്വത്തിന്റെ പ്രേഷിതത്വം നടത്തി നമ്മുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ വ്യക്തിയാണ് ബഹു. ആന്റണിയച്ചൻ. വൈദിക ജീവിതത്തിന്റെ ആദ്യ നാളുകളിൽത്തന്നെ സമൂഹത്തിലെ നിരാലംബരും നിഷ്കാസിതരും പരിത്യക്തരും ആയ വ്യക്തികളിലേയ്ക്ക് ഇറങ്ങിച്ചെന്ന് അദേഹം കാരുണ്യത്തിന്റെ ആൾരൂപമായി തീർന്നു. ഇന്ത്യയിലെ പാവപ്പെട്ട ഗ്രാമങ്ങളിലും പപ്പന്യൂഗനിയിലെ ആദിവാസികളുടെ ഇടയിലും ഉപവിശുശ്രൂഷ ചെയ്ത അദ്ദേഹം ഡബ്ലിനിൽ ഏവർക്കും നല്ലൊരു ആത്മീയപിതാവായി ശുശ്രൂഷ നിർവ്വഹിച്ചു. അതുകൊണ്ടുതന്നെ ആയിരിക്കാം ഉജ്ജയിനിലുള്ള മേജർ സെമിനാരിയിൽ ആത്മീയ ഉപദേഷ്ടാവായി അദ്ദേഹം നിയോഗിക്കപ്പെട്ടിരിയ്ക്കുന്നത്. അച്ചനിലൂടെ വലിയൊരു വൈദികഗണം യേശുവിന്റെ സ്നേഹത്തിന് സാക്ഷ്യം വഹിക്കുന്ന അജപാലകരായി തീരട്ടെയെന്നാശംസിക്കുന്നു.

## ജോസച്ചനും ആന്റണിയച്ചനും പ്രാർത്ഥനാശംസകൾ

ബിനു കെ.പി.

ഡബ്ലിൻ സീറോ മലബാർ സഭയുടെ അജപാലന ദൗത്യത്തിൽ ദീർഘകാലം നേതൃത്വം നൽകിയ പ്രിയ ജോസച്ചൻ നമ്മുടെ കുടുംബങ്ങളിലെ ഒരംഗത്തെ പോലെ തന്നെ ആയിരുന്നു നമുക്ക്. നർമ്മവും ഗൗരവവും സമാസമം ചേർത്ത് നമ്മുടെ വിശ്വാസ ജീവിതത്തിൽ അച്ചൻ അമൂല്യ സംഭാവനകൾ നൽകി. പുതിയ തൊഴുത്തുതേടി, പുതിയ പുൽപുറങ്ങൾ തേടി ഗോൾവയിലേയ്ക്ക് യാത്രയായിരിക്കുന്ന ജോസച്ചന് ആശംസാപുഷ്പങ്ങളും പ്രാർത്ഥനകളും നമുക്ക് നൽകാം.

ക്രിസ്ത്യൻ മിഷനറിമാർക്കും മിഷനറി പ്രവർത്തനങ്ങൾക്കും ഏറെ വെല്ലുവിളികൾ നിറഞ്ഞ പാപ്പുവാന്യു ഗിനിയായിലെ വർഷങ്ങൾ നീണ്ട മിഷനറി പ്രവർത്തങ്ങളുടെ അനുഭവജ്ഞാനം പകർന്ന ഉൾക്കരുത്തുമായാണ് പ്രിയപ്പെട്ട ആന്റണിയച്ചൻ അയർലണ്ടിലെ സീറോ മലബാർ സഭയുടെ അമരക്കാരിലൊരാളായി എത്തിയത്. മൂന്ന് വർഷത്തെ സ്തുത്യർഹമായ സേവനത്തിനും ശുശ്രൂഷകൾക്കും ശേഷം പുതിയ പ്രവർത്തന മണ്ഡലങ്ങളിലേയ്ക്ക്, പുതിയ അജഗണത്തെതേടി യാത്രയായിരിക്കുന്ന അച്ചന് പ്രാർത്ഥനാമംഗളങ്ങളും ആശംസകളും നേരാം.

## മതബോധന അദ്ധ്യാപക സംഗമം

ഡബ്ലിൻ സീറോ മലബാർ സഭയിലെ മതബോധന അദ്ധ്യാപക സംഗമം 'ക്രേദൊ' (CREDO) സെപ്റ്റംബർ 22 ന് താല സെന്റ് ആൻസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 10 ന് ആരംഭിച്ച സംഗമം വൈകിട്ട് 4 ന് സമാപിച്ചു. സീറോ മലബാർ സഭ യൂറോപ്പ് അപ്പസ്റ്റോലിക് വിസിറ്റേറ്റർ ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത് മുഖ്യാതിഥി ആയിരുന്നു. ഡബ്ലിൻ സീറോ മലബാർ സഭയിലെ 9 മാസ്സ് സെന്ററുകളിൽ നിന്നായി 150 ൽ പരം അദ്ധ്യാപകർ സംഗമത്തിൽ പങ്കെടുത്തു.



## ജോസച്ചന് ഊഷ്മള യാത്രയയപ്പ് നൽകി




ഡബ്ലിൻ സീറോ മലബാർ സഭയുടെ ചാപ്ലിനായി കഴിഞ്ഞ അഞ്ചര വർഷക്കാലം ശുശ്രൂഷ ചെയ്ത ബഹുമാനപ്പെട്ട ജോസ് ഭരണികുളങ്ങര അച്ചന് ഡബ്ലിൻ സീറോ മലബാർ സഭ ഊഷ്മളമായ യാത്രയയപ്പ് നൽകി. ഡബ്ലിൻ സീറോ മലബാർ സഭയുടെ വളർച്ചയിൽ അച്ചന് നൽകിയ സംഭാവനകൾ അമൂല്യമാണ്. അച്ചന്റെ പ്രവർത്തങ്ങൾക്കും സേവനതല്പരതയ്ക്കും സീറോ മലബാർ സഭ നന്ദി അറിയിച്ചു. കുടുംബ നവീകരണ ധ്യാനത്തിന്റെ സമാപനത്തിൽ വച്ചാണ് അച്ചന് യാത്രയയപ്പ് നൽകിയത്. ഡബ്ലിൻ സീറോ മലബാർ സഭ സെക്രട്ടറി ജോൺസൺ ചക്കാലയ്ക്കൽ, കൈക്കാരൻ ടിബി മാത്യു എന്നിവർ ചേർന്ന് സ്നേഹോപഹാരം നൽകി. സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ ഫ്ളാഷ് മോബും യാത്രയയപ്പിന് മോടി കൂട്ടി.



MY LORD AND MY GOD
Dukhrana
(RENEWING THE MEMORY OF OUR FATHER IN FAITH ST.THOMAS)
2018 JULY 3RD TUESDAY 6.00PM
CHURCH OF THE GUARDIAN ANGELS,
SYRO MALABAR CATHOLIC CHURCH
DUBLIN - IRELAND


SYRO MALABAR CATHOLIC CHURCH, IRELAND
KNOCK
PILGRIMAGE
2018 MAY 19TH SATURDAY, 10.30AM
All are welcome
MAIN CELEBRANT
BISHOP STEPHEN CHIRAPPANATH


SYRO MALABAR CATHOLIC CHURCH
DUBLIN, IRELAND
2018 നവംബർ 29 ന്
CHURCH OF OUR LADY OF THE HOLY ROSARY OF FATIMA
ALL ARE WELCOME



Inauguration & Blessing
ST.THOMAS
PASTORAL CENTRE
CHURCH OF OUR LADY OF THE HOLY ROSARY OF FATIMA
6TH DECEMBER 2018
THURSDAY, 4.00PM
4.00PM : HOLY QURBANA | 5.45PM : RECEPTION
6.00PM : INAUGURATION AND BLESSING
7.00PM : AGAPE MEAL


വചനപ്രഘോഷണ
ശുശ്രൂഷയും
വിശുദ്ധവാര തിരുകർമ്മങ്ങളും
PHIBBLESTOWN COMMUNITY CENTER
Lead by


2018 നവംബർ 2 ന്
ആദ്യവെള്ളി
ആചരണം
ST. MARTIN DE PORRES CHURCH,
ALL ARE WELCOME


പ്രാർത്ഥനാ ദിനവും
2018 AUGUST 19TH, SUNDAY
SYRO MALABAR CATHOLIC CHURCH
DUBLIN - IRELAND



SYRO MALABAR CATHOLIC CHURCH, DUBLIN
(FAMILY RENEWAL RETREAT)
PHIBBLESTOWN COMMUNITY CENTRE, BLANCHARDSTOWN, DUBLIN 15
2018 OCTOBER 27, 28, 29
MAR THOMAS THARAYIL
CHRISTEEN RETREAT
For registration - www.syromalabar.ie.


SYRO MALABAR CATHOLIC CHURCH - IRELAND
APOSTOLIC VISITATION - EUROPE
Smile
(SYRO MALABAR INCLUSIVE LIFE EXPERIENCE)
Forum of Children with special needs and Families
FOR THIS DIVINE GATHERING
PLEASE CONTACT
FR. JOSE BHARANIKULANGARA 089 974 1568


REXBAND
JOY OF LOVE CONCERT
SUPPORT AND PRAYERS FOR
Kerala Flood Relief
THE SYRO MALABAR CATHOLIC CHURCH, DUBLIN
CELEBRATES THE WORLD MEETING OF FAMILIES WITH REXBAND
AUGUST 24TH FRIDAY 6.00PM TO 8.30PM
NATIONAL BASKETBALL ARENA, TALLAGHT, DUBLIN
SO COME, CELEBRATE THE JOY OF LOVE
All are welcome


ALTAR SERVERS
MEETING
2018 NOVEMBER
4TH SUNDAY
AFTER HOLY MASS
DIVINE MERCY CHURCH
LUCAN


SYRO MALABAR CATHOLIC CHURCH
PHIBSBOROUGH
തിരുസന്നിധിയിൽ
2018 SEPTEMBER 15TH, SATURDAY


SYRO MALABAR CATHOLIC CHURCH
TALLAGHT - DUBLIN
Youth Ignite
NUOVA AMICIZIA 2018
DUBLIN YOUTH EMPOWERMENT PROGRAMME
ST.AIDAN'S CHURCH, JOBSTOWN, TALLAGHT
2018 NOVEMBER 3RD SATURDAY, 9.30AM - 3.00PM
All above 12 years are welcome
Fr. Clement Padathiparambil
Fr. Rajesh Joseph


AUGUST
15
5.30PM
Dormitio Mariae
HONOURING ALL MARY NAME BEARERS
തിരുനാൾ
2018 AUGUST 15TH
WEDNESDAY 5.30PM
ST. CANICE'S CHURCH
FINGLAS, DUBLIN 11
MAIN CELEBRANT : REV. FR. ANTONY NALLUKUNNEL
ALL ARE WELCOME
SYRO MALABAR CATHOLIC CHURCH
DUBLIN - IRELAND


Youth Ignite
SNACK BOX
സ്നേഹപൊതി
THE ARTANE FAMILY RECREATION CENTRE, BEAUMONT
2018 SEPTEMBER 30TH SUNDAY, 3.30PM


All-Ireland
RALLY for LIFE
SAVE THE LIVES
SAT 10.03.2018 - 2.00PM
Be there at Dublin
"COME AND JOIN WITH US"
RALLY TO SAVE THE 8TH
SYRO MALABAR CATHOLIC CHURCH
DUBLIN - IRELAND



ഡബ്ലിൻ സീറോ മലബാർ സഭയിലെ സോണൽ കൗൺസിൽ അംഗങ്ങളുടെയും വിവിധ മാസ്സ് സെന്റർ ഭാരവാഹികളുടെയും യോഗം റിയാൽട്ടോ സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. മോൺസിഞ്ഞോർ ആന്റണി പെരുമായൻ അധ്യക്ഷത വഹിച്ച യോഗത്തിൽ 2018 വർഷത്തെ റിപ്പോർട്ട് സെക്രട്ടറി ജോൺസൺ ചക്കാലയ്ക്കലും വരവുചെലവ് കണക്കുകൾ ട്രസ്റ്റി ടിബി മാത്യുവും അവതരിപ്പിച്ചു.





# കുഞ്ഞിപൈതങ്ങളുടെ
## തിരുനാൾ ആഘോഷിച്ചു

ഡബ്ലിൻ സീറോ മലബാർ സഭയിൽ കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ഡിസംബർ 28 ന് ഉച്ചകഴിഞ്ഞ 3.30 ന് റിയാൽട്ടോ ഫാത്തിമ മാതാ പള്ളിയിൽ വച്ച് ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. ഉണ്ണീശോയ്ക്ക് അടിമവയ്ക്കലും കാഴചവയ്പ്പും ആശീർവാദ പ്രാർത്ഥനയും കേക്ക് മുറിയ്ക്കലും സമ്മാനദാനവും ഉണ്ടായിരുന്നു. ഈശോ ജനിച്ചതറിഞ്ഞു ഹേറോദോസ് ശിശുവിനെ കൊല്ലുവാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. അതിനാൽ 2വയസ്സിനു താഴെ പ്രായം ഉള്ള കുഞ്ഞുങ്ങളെ മുഴുവൻ കൊന്നു കളഞ്ഞു. ഇവരാണ് ആദ്യത്തെ രക്തസാക്ഷികൾ എന്ന് പറയാം. ആദ്യത്തെ വിശുദ്ധരും ഈ കുഞ്ഞുമക്കൾ ആണ്. ദൈവസ്നേഹത്തിലും വിശ്വാസത്തിലും വളരുവാൻ, മറ്റുള്ളവരെ സ്നേഹിക്കുവാൻ, മുതിർന്നവരെ ബഹുമാനിക്കുവാൻ, അനുസരണയിൽ വളരുവാൻ, വിശുദ്ധരായി തീരുവാൻ ഈശോ എല്ലാ കുഞ്ഞുങ്ങളെയും അനുഗ്രഹിക്കട്ടെ. തിരുനാൾ കുർബാനയ്ക്കും ആഘോഷങ്ങൾക്കും ഫാ.ക്ലമന്റ് പാടത്തിപ്പറമ്പിൽ, ഫാ. രാജേഷ് മേച്ചിറാകത്ത് എന്നിവർ നേതൃത്വം നൽകി.






# ബെത്‌ലെഹെം
## മനുഷ്യചരിത്രത്തിന്റെ വഴിത്തിരിവ്



ക്രിസ്തുമസ് രാത്രിയിൽ പാപ്പാ ഫ്രാൻസിസ് നല്കിയ വചനപ്രഭാഷണത്തിൽനിന്നും അടർത്തിയെടുത്ത ചിന്തകൾ :

ജീവിതങ്ങൾ വ്യത്യസ്തമായി നയിക്കാനുള്ള നവമായ ഒരു രീതിയാണ് ബെത്‌ലെഹെമിലെ ശിശു നമുക്ക് പറഞ്ഞു തരുന്നത്. "ജോസഫും മേരിയും ദാവീദിൻറെ പട്ടണമായ ബെത്‌ലെഹെമിലേയ്ക്കു പോയി" (ലൂക്കാ 2, 4). അതിനാൽ ഈ രാത്രിയിൽ നമുക്കും ക്രിസ്തുവിൻറെ ദിവ്യരഹസ്യം തേടി ബെത്‌ലെഹെമിലേയ്ക്ക് ആത്മീയമായി പുറപ്പെടാം. ഇങ്ങനെയാണ് പാപ്പാ ഫ്രാൻസിസ് ആരംഭിച്ചത്.

### ക്രിസ്തു തെളിയിക്കുന്ന മൗലികമായ ജീവിതശൈലി

ബെത്‌ലെഹെം എന്ന വാക്കിന് അർത്ഥം 'അപ്പത്തിൻറെ വീട്' എന്നാണ്. ദൈവം മനുഷ്യകുലവുമായി കൂടിക്കാഴ്ച നടത്താൻ ആഗ്രഹിച്ച ഇടമാണത്. നമുക്കു ജീവിക്കാൻ അന്നം വേണമെന്ന് അവിടുത്തേയ്ക്ക് അറിയാം. എന്നിരുന്നാലും ശാരീരിക ഭക്ഷണം പൂർണ്ണമായും മനുഷ്യനെ സംതൃപ്തനാക്കില്ലെന്നും അവിടുത്തേയ്ക്കറിയാം. മനുഷ്യന്റെ ആദ്യപാപം ഭക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആദിമാതാപിതാക്കൾ വിലക്കപ്പെട്ട കനി ഭക്ഷിച്ചുവെന്ന് ഉല്പത്തിപ്പുസ്തകം രേഖപ്പെടുത്തുന്നു (ഉല്പത്തി 3, 6). അരുതെന്നു ദൈവം കല്പിച്ചത് അവർ പറിച്ചു ഭക്ഷിച്ചു. അങ്ങനെ മനുഷ്യകുലം ആർത്തിയും ആക്രാന്തവുമുള്ളതായിത്തീർന്നു.

### മനുഷ്യൻറെ ഒടുങ്ങാത്ത ആർത്തി

ഇന്ന് അധികം മനുഷ്യരും ജീവിതത്തിന് അർത്ഥം കണ്ടെത്തുന്നത് അവിഹിതമായി ഭൗതിക സമ്പത്ത് വാരിക്കൂട്ടുന്നതിലാണ്. ആർത്തി ചരിത്രത്തിൽ മനുഷ്യകുലത്തിൻറെ കൂടിപ്പിറപ്പായി മാറിയിട്ടുണ്ട്. കുറച്ചു പേർ സമൃദ്ധമായി ഭക്ഷണം കഴിച്ചു തൃപ്തരാകുമ്പോൾ അതിലേറെപ്പേർ അനുദിനം പൊരിവയറുമായി കിടന്നുറങ്ങാൻ പോകുന്നത് വലിയ വിരോധാഭാസമാണ്.

### ബെത്‌ലെഹെം ചരിത്രത്തിൻറെ വഴിത്തിരിവ്

ബെത്‌ലെഹെം മനുഷ്യചരിത്രത്തിന്റെ വഴിത്തിരിവാണ്. അവിടെ, കാലികൾ മേയുന്ന കുന്നിൻ ചെരുവിലെ ഒരു പുൽത്തൊട്ടിയിലാണ് ദൈവം വന്നു പിറന്നത്. അവിടെ, "ഇതാ, ഞാൻ നിങ്ങൾക്കു ഭോജ്യമാകാൻ..." എന്നതുപോലെയാണ് അവിടുന്ന് അവതീർണ്ണനായത്. അവിടുന്ന് ഒന്നും ഭക്ഷിക്കുന്നില്ല, എന്നാൽ നമുക്കു ഭക്ഷിക്കാൻ തരുന്നു. അവിടുന്നു തുരുന്നത് ഭൗതിഭക്ഷണമല്ല, മറിച്ച് തന്നെത്തന്നെ ആത്മീയഭോജനമായി തരുന്നു. ബെത്‌ലെഹെമിൽ നാം കാണുന്നത്, ദൈവം തന്നെത്തന്നെ നമുക്കായി നല്കുന്നതാണ്. സ്വജീവൻ മനുഷ്യരക്ഷയ്ക്കായി അവിടുന്നു വിനീതനായി അവിടെ സമർപ്പിക്കുന്നു!

മനുഷ്യർ ജീവിക്കേണ്ടത്
സമ്പത്തിനും ഭക്ഷണത്തിനും
വേണ്ടി മാത്രമല്ല, ജീവിതം
സ്നേഹമുള്ളതാകണം.
ആർത്തിയല്ല ജീവിതം, ഉപവിയാണ്.
അത് പൊലിമയും
പൊങ്ങച്ചവുമല്ല, ലാളിത്യമാണ്.

### സ്വയാർപ്പണത്തിൻറെ മാതൃക

ജനനം മുതൽ ജീവിക്കാൻ വേണ്ടി ഭക്ഷണം കഴിക്കുന്നവരാണ് നാം. എന്നാൽ ക്രിസ്തു പറയുന്നു, "നിങ്ങൾ എടുത്തു ഭക്ഷിക്കുവിൻ, ഇതാ! എന്റെ ശരീരം...' (മത്തായി 26, 26). സ്വയാർപ്പണത്തിൻറെ പാഠമാണ് അവിടുന്നു പകർന്നു നല്കുന്നത്. നമ്മുടെ ജീവിതങ്ങൾ വ്യത്യസ്തമായി നയിക്കാനുള്ള നവമായ ഒരു രീതിയാണ് ബെത്‌ലെഹെമിലെ ശിശു പറഞ്ഞു തരുന്നത്. ആർത്തിയോടെ സ്വയം വിഴുങ്ങുകയോ, വാരിക്കൂട്ടുകയോ ചെയ്യുന്ന രീതിയല്ലിത്, മറിച്ച് പങ്കുവയ്ക്കലിന്റെയും കൊടുക്കലിന്റെയും രീതിയാണ്. ദൈവം സ്വയം ചെറുതായത്, മനുഷ്യരായ നമ്മെ വലുതാക്കാനായിരുന്നു. അവിടുന്ന് ഇന്നും നമ്മെ പരിപാലിക്കുന്നു. നമുക്കു ഭോജ്യമാകാൻ വേണ്ടുവോളം അവിടുന്നു നിസ്സാരനാകുന്നു. ജീവന്റെ അപ്പമായ അവിടുത്തെ ഭുജിക്കുന്നവർ സ്നേഹത്തിൽ നവജീവൻ പ്രാപിച്ച്, നവീകൃതരാകുന്നു. അങ്ങനെ നാം ആർത്തിയുടെയും സമ്പാദ്യത്തിൻറെയും വാരിക്കൂട്ടലിന്റെയും സർപ്പിള വലയത്തിൽനിന്നും പുറത്തുകടക്കും.

### വലിമ ഇവിടെ ചെറുമയായ്

ബെത്‌ലെഹെമിലെ അപ്പത്തിന്റെ വീട്ടിൽനിന്നും ക്രിസ്തു നമ്മെ യഥാർത്ഥമായ ജീവിത പരിസരങ്ങളിലേയ്ക്കാണ് നയിക്കുന്നത്. ക്രിസ്തുവിൽ ദൈവിക കുടുംബത്തിലെ അംഗങ്ങളാകുന്നവർ, മറ്റുള്ളവർക്കും സഹോദരങ്ങൾക്കുമായും ജീവിക്കും. ബെത്‌ലെഹെമിലെ കാലിത്തൊഴുത്തിൽനിന്നു നമുക്കു മനസ്സിലാക്കാവുന്നത്, മനുഷ്യർ ജീവിക്കേണ്ടത് സമ്പത്തിനും ഭക്ഷണത്തിനുംവേണ്ടി മാത്രമല്ല, ജീവിതം സ്നേഹമുള്ളതാകണം. ആർത്തിയല്ല ജീവിതം, ഉപവിയാണ്. അത് പൊലിമയും പൊങ്ങച്ചവുമല്ല, ലാളിത്യമാണ്.

*കടപ്പാട്: വത്തിക്കാൻ റേഡിയോ*




# പ്രൊ ലൈഫ് റാലിക്ക് ആവേശകരമായ പിന്തുണയുമായി
# ഡബ്ലിൻ സീറോ മലബാർ സഭ

## മനുഷ്യ ജീവനെ ആദരിക്കുവാനും സ്നേഹിക്കുവാനും സംരക്ഷിക്കുവാനും ശുശ്രൂഷിക്കുവാനുമാണ് സഭ നമ്മളെ പഠിപ്പിക്കുന്നത്.

മാർച്ച് 10 ന് ഡബ്ലിനിൽ നടന്ന പ്രൊ ലൈഫ് റാലിയിൽ ഡബ്ലിൻ സീറോ മലബാർ സഭയുടെ സജീവ പങ്കാളിത്വം കൊണ്ട് ശ്രദ്ധേയമായി. ഗർഭച്ഛിദ്രം വഴി നിഷ്ക്കളങ്കരായ മനുഷ്യ ജീവനുകളെ നേരിട്ട് കൊല്ലുന്നത് നിയമനുസൃതമാക്കുന്ന രാഷ്ട്രനിയമങ്ങൾ ജീവിക്കുവാനുള്ള വ്യക്തിയുടെ അവകാശ ത്തോടുള്ള കടന്നാക്രമണമാണ്. ഗർഭധാരണ നിമിഷം മുതൽ സ്വഭാവിക മരണം വരെ മനുഷ്യ ജീവൻ ആദരിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം. എന്നാൽ മനുഷ്യ ജീവൻ ഏറ്റവും ദുർബലവും നിഷ്കളങ്കവും നിസ്സഹായവുമായ അവസ്ഥയിൽ ഗർഭപാത്രത്തിൽ വച്ചുതന്നെ കൊലചെയ്യുവാനുള്ള നീക്കത്തെ ഇല്ലാതാക്കണം. മനുഷ്യ ജീവനോടുള്ള വെല്ലുവിളികൾ സമകാലിക ലോകത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നാമോരോരുത്തരെയും പോലെ ജീവിക്കാനുള്ള അവകാശത്തെ ഗർഭച്ഛിദ്രം വഴി ഇല്ലാതാക്കാനുള്ള നീക്കത്തെ ശക്തമായി എതിർക്കുക എന്നുള്ളത് നമ്മുടെ കടമയണ്. മനുഷ്യ ജീവൻ പരമ പവിത്രമായ ദൈവിക ദാനമാണ്. ഗർഭഛിദ്ര നിയമത്തിനെതിരെ താക്കീത് നൽകി ആയിര ക്കണക്കിന് ജനങ്ങൾ ഡബ്ലിൻ തെരുവീഥികളിൽ പ്രതിഷേധ പ്രകടനം നടത്തി. മനുഷ്യ ജീവന്റെ മഹത്വത്തെ പ്രകീർത്തിച്ചുള്ള ബാനറുകളും, അബോർഷന് വിധേയരാവുന്ന കുട്ടികളുടെ സ്ഥിതിവിവരക്കണക്കുകളും, പ്രൊ ലൈഫിനെ പിന്തുണയ്ക്കുന്ന ബാനറുകളും ഉയർത്തി വർണ്ണാഭമായ അന്തരീക്ഷത്തിലാണ് റാലി നടന്നത്. ഇനിയും പിറക്കാത്ത ഗർഭസ്ഥ ശിശുക്കളുടെ ജീവൻ രക്ഷിക്കുക എന്ന മുദ്രാവാക്യം ഉയർത്തിയാണ് ആയിരങ്ങൾ മാർച്ചിനെത്തിയത്. നൂറുകണക്കിന് വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ആവേശോജ്വലമായ പങ്കാളിത്വം പ്രത്യേകം ശ്രദ്ധേയമായി. മനുഷ്യ ജീവനെ ആദരിക്കുവാനും സ്നേഹിക്കുവാനും സംരക്ഷിക്കുവാനും ശുശ്രൂഷിക്കുവാനുമാണ് സഭ നമ്മളെ പഠിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ഗർഭച്ഛിദ്രം നിയമവിധേയമാക്കാനുള്ള നീക്കത്തെ നമ്മൾ ശക്തമായി എതിർക്കേണ്ടിയിരിക്കുന്നു. പിഞ്ചു കുട്ടികൾ അടക്കം അയർലണ്ടിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് റാലിയ്ക്കെത്തിയ പ്രവർത്തകർ ആവേശപൂർവമാണ് റാലി ഓഫ് ലൈഫിൽ പങ്കെടുത്തത്. പ്രത്യേക ബാനറിന് കീഴെ അണിനിരന്ന സീറോ മലബാർ സഭ ചാപ്ലയിൻസ് ഫാ.ജോസ് ഭരണികുളങ്ങര, ഫാ.ആന്റണി ചീരംവേലിൽ MST, ഫാ.ക്ലമന്റ് പാടത്തിപ്പറമ്പിൽ, ട്രസ്റ്റി ടിബി മാത്യു, സെക്രട്ടറി ജോൺസൺ ചക്കാലയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

## മാർച്ചിലും ഓഗസ്റ്റിലും വിവാഹ ഒരുക്ക സെമിനാർ നടത്തി



ഡബ്ലിൻ സീറോ മലബാർ സഭയുടെ നേതൃത്വത്തിൽ വിവാഹ ഒരുക്ക സെമിനാർ നടത്തി. ഏപ്രിൽ 18, 19, 20 തീയതികളിൽ താല മാർട്ടിൻ ഡി പോറിസ് പള്ളിയിൽ വച്ചും ഓഗസ്റ്റ് 29, 30, 31 തീയതികളിൽ ഹോളി റോസറി പള്ളിയിൽ വച്ചാണ് സെമിനാർ നടന്നത്. മൂന്നു ദിവസവും രാവിലെ 9.30ന് ആരംഭിച്ച് വൈകിട്ട് 5 മണി വരെ നടത്തപ്പെട്ട വിവാഹ ഒരുക്ക സെമിനാറിൽ സീറോ മലബാർ സഭയിലെ എല്ലാ രൂപതകളും അംഗീകരിക്കുന്ന സർട്ടിഫിക്കറ്റ് ആണ് നൽകിയത്. അയർലണ്ടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നിരവധി യുവതി - യുവാക്കൾ സെമിനാറിൽ പങ്കെടുത്തു. 6 മാസത്തിൽ ഒരിക്കലായിരിക്കും ഈ സെമിനാർ നടത്തപ്പെടുക.

## ഹെസദിന്റെ പ്രകാശനകർമ്മം നിർവ്വഹിച്ചു

ഡബ്ലിൻ സീറോ മലബാർ സഭയുടെ പ്രവർത്തങ്ങളുടെയും പരിപാടി കളുടെയും ഫോട്ടോസും വിവരങ്ങളും ഉൾപ്പെടുത്തികൊണ്ട് പുറത്തിറക്കുന്ന ഹെസദിന്റെ ആദ്യലക്കത്തിൻറെ പ്രകാശനകർമ്മം ബിഷപ്പ് സ്റ്റീഫൻ ചിറപ്പണത് നിർവഹിച്ചു. സഹകരിച്ച ഏവർക്കും നന്ദി.



**Best Compliments from Nova and Empowerment Homeopathy**

Nova
Health Care

eNursing

## A Complete Nursing Home Management System

01-5649483

0879574416, 0872471142
sales@novahealthcare.ie
www.novahealthcare.ie

NOVA-e-SOLUTIONS

## Overcome the Technological Challenges with Our Software Services

Nova-e-Solutions
Door No: 114,
Kerala State IT Mission,
Jawaharlal Nehru International Stadium,
Kaloor, Kochi - 682 017,
Kerala, India.

Ireland +353872471142
India +91 9961556418
www.novaesolution.com

Nova
3T MRI

NOVA 3T MRI

## Better MR Imaging and Patient Comfort

State of the art 3T MRI Scanning Service open for all Private MRI Referrals

01 - 5649483 or 0879 574 416
appointments@novamri.ie
LLOYD INSTITUTE,
PEARSE STREET,
DUBLIN 2

www.novamri.ie

## Empowerment Homeopathy

An Irish Registered Homeopathic Clinic

**For consultation, contact:**
**RENITHA JACOB**
RGN, Lic.ISH(Irish School of Homeopathy)

0876961419

info@empowermenthomeopathy.ie
4, Parkview Drive, Fingals,Dublin 11

www.empowermenthomeopathy.ie

# YEAR PLAN 2019

| | | |
|---|---|---|
| **BIBLE QUIZ 19**<br>2019 FEBRUARY 2, 2.00PM | **CHRISTEEN RETREAT**<br>**ആത്മീയം**<br>FEBRUARY 2019 | **TEACHERS TRAINING & GARDA VETTING**<br>FEBRUARY 2019 |
| **CATECHISM FAITH FEST**<br>FEBRUARY / MARCH /APRIL | ***FAITH TRAINING PROGRAMS***<br>FEBRUARY / MARCH /APRIL | ഒരുക്കം<br>MARRIAGE PREPARATION COURSE<br>2019 FEBRUARY 27TH, 28TH & MARCH 1ST |
| **Smile**<br>(SYRO MALABAR INCLUSIVE LIVING EXPERIENCE)<br>**MARCH 2019** | **സാദരം - 2019**<br>**വി.യൗസേപ്പിതാവിന്റെ മരണതിരുനാൾ**<br>MARCH 19, TUESDAY | **കുരിശിന്റെ വഴി**<br>2019 APRIL 12TH, FRIDAY, 3.00PM<br>**BRAY HEAD MOUNTAIN** |
| **വചനപ്രഘോഷണ ശുശ്രൂഷയും വിശുദ്ധവാര തിരുകർമ്മങ്ങളും**<br>**2019 APRIL 18, 19, 20**<br>PHIBBLESTOWN COMMUNITY CENTRE | **WAY** (WELCOME ALL YOUTH)<br>**2019 APRIL 27TH, SATURDAY** | **CATECHISM CENTRAL EXAM**<br>05TH MAY 2019, SUNDAY |
| **KNOCK PILGRIMAGE**<br>2019 MAY 18, SATURDAY<br>AT KNOCK PILGRIMAGE CENTRE | **പാദുവീയം**<br>**FEAST OF ST.ANTONY**<br>2019 JUNE 13TH, THURSDAY 5.00PM | **കുടുംബസംഗമം**<br>2019 JUNE 22nd SATURDAY, 9.30AM TO 8.00PM<br>LUCAN YOUTH CENTRE, LUCAN, Co.DUBLIN |
| **YOUTH PILGRIMAGE**<br>2019 MAY | **Dukhrana**<br>**ദുക്റാന തിരുനാൾ**<br>2019 JULY 3, TUESDAY | **CHRISTEEN RETREAT**<br>**MAR WALAH**<br>JULY 1ST, 2ND, 3RD |
| **EUROPEAN YOUTH MEET**<br>2019 AUGUEST | ***Dormitio Mariae***<br>**മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ**<br>2019 AUGUST 15TH THURESDAY | **YOUTH**<br>**RESIDENTIAL RETREAT**<br>2019 AUGUEST |
| ഒരുക്കം<br>MARRIAGE PREPARATION COURSE<br>AUGUST 28TH, 29TH, 30TH | **HAGIOS**<br>സകല വിശുദ്ധരുടെ തിരുനാളും<br>ഏയ്ഞ്ചൽവ് മീറ്റും<br>**2019 SEPTEMBER 1ST SUNDAY 2.00PM**<br>MARY IMMACULATE CHURCH, INCHICORE | ***CREDO***<br>CATECHISM TEACHERS' DAY<br>SEPTEMBER 14TH, SATURDAY |
| **ബൈബിൾ കലോത്സവം'19**<br>2019 SEPTEMBER 29 SUNDAY, 2.30PM TO 6 .00PM | **FAMILY RENEWAL & CHRISTEEN RETREAT**<br>**2019 OCTOBER 26TH, 27TH, 28TH**<br>PHIBBLESTOWN COMMUNITY CENTRE | **WAY** (WELCOME ALL YOUTH)<br>NOVEMBER 30TH, SATURDAY |
| ***MATHRUVEDI MEET***<br>8TH DECEMBER 2019, SUNDAY | **Faith Leadership Programme**<br>NOVEMBER / DECEMBER | **Christmas**<br>**Celebrations**<br>2019 DECEMBER |

*Copyright and Disclaimer*
*Copyright © 2019 SMCC Dublin: All rights reserved. Reproduction by any means in whole or in part without the permission of Syro Malabar Catholic Church Dublin is prohibited.*
*Disclaimer: The Syro Malabar Catholic Church Dublin accepts no responsibility or liability howsoever arising from any errors, inaccuracies or omissions in the contents, including advertising and information about third party products or services, of this Newsletter.*